പതിനാലാം കേരള നിയമസഭ

# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്റ്റ് കമ്മിറ്റി XI

## (SUBJECT COMMITTEE XI)

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും

## (FOOD, CIVIL SUPPLIES AND CO-OPERATION)

**പീരിയോഡിക്കൽ റിപ്പോർട്ട്**

(2020 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31st MARCH, 2020)**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്]

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2020 ആഗസ്റ്റ് 24-ാം തീയതി സമർപ്പിച്ചത്

(Presented on 24th August 2020)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2020

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2020

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XI

# (SUBJECT COMMITTEE XI)

# ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും

# (FOOD, CIVIL SUPPLIES AND CO-OPERATION)

**പീരിയോഡിക്കൽ റിപ്പോർട്ട്**

(2020 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31st MARCH, 2020)**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്]

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

551/2020.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 7 |

# സബ്ജക്ട് കമ്മിറ്റി XI

## (ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും)

## (2019-2021)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. കടകംപള്ളി സുരേന്ദ്രൻ,

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം</u> :

ശ്രീ. പി. തിലോത്തമൻ,

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. അബ്ദുൽ ഹമീദ്. പി.

ശ്രീ. അനൂപ് ജേക്കബ്

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. ജോർജ് എം. തോമസ്

ശ്രീ. പി. സി. ജോർജ്

ശ്രീ. വി. ജോയി

ശ്രീ. മുഹമ്മദ് മുഹസിൻ പി.

ശ്രീ. മുരളി പെരുനെല്ലി.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. മാത്യുക്കുട്ടി ജി., അഡീഷണൽ സെക്രട്ടറി

ശ്രീ. വി. ജി. റിജു, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി രാജേശ്വരി ആർ., അണ്ടർ സെക്രട്ടറി.

# അവതാരിക

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ 1-4-2019 മുതൽ 31-3-2020 വരെയുള്ള കാലയളവിലെ പീരിയോഡിക്കൽ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI (2019-2021), 2019 ജനുവരി 7-ാം തീയതി നിലവിൽ വന്നു (2019 ജനുവരി 7-ാം തീയതിയിലെ ബുള്ളറ്റിൻ നമ്പർ 598 ഭാഗം 2). 2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

2019-20 കാലയളവിൽ സമിതി ആകെ 8 യോഗങ്ങൾ ചേർന്നു. ഇതിൽ 8-5-2019-ലെ യോഗത്തിൽ 356/18, 549/18, 754/18 എന്നീ എസ്.ആർ.ഒ.-കൾ സമിതി പരിഗണിച്ച് സാധൂകരിക്കുകയും 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്, 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് എന്നിവ പരിഗണിക്കുകയും ചെയ്തു. 24-6-2019-ലെ യോഗത്തിൽ 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്, 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, 1-4-2018 മുതൽ 31-3-2019 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണിച്ചു. 29-7-2019-ലെ യോഗത്തിൽ ബഹു. സ്പീക്കറുടെ 12-6-2019-ലെ റൂളിംഗിന്റെ അടിസ്ഥാനത്തിൽ 2018-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ആക്ട്, 2019-ലെ കേരള സഹകരണ സംഘ (ഭേദഗതി) ആക്ട് എന്നിവയുടെ കരട് ചട്ടങ്ങൾ ലഭ്യമാക്കാത്തത് സംബന്ധിച്ച് സഹകരണം, നിയമം എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്തി. 9-10-2019-ലെ യോഗത്തിൽ ചട്ടം 235 (എ) പ്രകാരം കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ (CAPE) പ്രവർത്തനത്തെ സംബന്ധിച്ച് സഹകരണ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി. സമിതിയുടെ 26-12-2019-ലെ യോഗത്തിൽ 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് പരിഗണിക്കുകയും എസ്.ആർ.ഒ. 693/2019 സാധൂകരിക്കുകയും 2019-ലെ കേരള സഹകരണ സംഘ (ഭേദഗതി) ആക്ട് പ്രകാരമുള്ള കരട് ചട്ടങ്ങൾ രൂപീകരിക്കാത്തത് സംബന്ധിച്ച വിശദീകരണക്കുറിപ്പ്

പരിഗണിക്കുകയും ചെയ്തു. സമിതിയുടെ 17-2-2020, 19-2-2020, 25-2-2020 എന്നീ തീയതികളിലെ യോഗങ്ങളിൽ 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന നടത്തുകയും കരട് റിപ്പോർട്ട് പരിഗണിക്കുകയും ചെയ്തു. സമിതി യോഗങ്ങളിൽ പങ്കെടുത്ത അംഗങ്ങളുടെ ശരാശരി ഹാജർ നില 56% ആണ്.

ഏഴ് അദ്ധ്യായങ്ങളായിട്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. അദ്ധ്യായം I-ൽ സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. അദ്ധ്യായം II സമിതി പരിഗണിച്ച ബില്ലുകൾ സംബന്ധിച്ചതാണ്. അദ്ധ്യായം III-ൽ സമിതി പരിഗണിച്ച ചട്ടങ്ങൾ/ എസ്.ആർ.ഒ.-കളുടെ വിശദാംശങ്ങളും, അദ്ധ്യായം IV-ൽ നിയമസഭാ ചട്ടം 235(എ) പ്രകാരം ചേർന്ന സമിതി യോഗം സംബന്ധിച്ച വിശദാംശങ്ങളും, അദ്ധ്യായം V-ൽ 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങളും, അദ്ധ്യായം VI-ൽ 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻ വർഷങ്ങളിലെ റിപ്പോർട്ടുകളിലെ ശിപാർശകൾ അതിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. അദ്ധ്യായം VII-ൽ സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ചതാണ്.

സമിതിയുടെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഈ റിപ്പോർട്ട് 22-7-2020-ന് ചേർന്ന സമിതിയോഗം അംഗീകരിച്ചു.

കടകംപള്ളി സുരേന്ദ്രൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XI.*

തിരുവനന്തപുരം,
2020 ജൂലൈ 22.

# റിപ്പോർട്ട്

## അദ്ധ്യായം I

### സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങൾ

(എ) 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്റെ കരട് 14-3-2019-ലെ സമിതി യോഗം പരിഗണിക്കുകയും പ്രസ്തുത റിപ്പോർട്ട് 28-5-2019-ന് സഭയിൽ സമർപ്പിക്കുകയുംചെയ്തു.

(ബി) 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 24-6-2019-ലെ യോഗം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 2-7-2019-ന് സഭയിൽ സമർപ്പിക്കുകയുംചെയ്തു.

(സി) 2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെയുള്ള കാലയളവിലെ സബ്ജക്ട് കമ്മിറ്റി XI-ന്റെ പ്രവർത്തനം സംബന്ധിച്ച പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് 24-6-2019-ലെ സമിതിയോഗം ഭേദഗതി കൂടാതെ അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 2-7-2019-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(ഡി) 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്റെ കരട് 25-2-2020-ലെ സമിതി യോഗം പരിഗണിക്കുകയും പ്രസ്തുത റിപ്പോർട്ട് 2-3-2020-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## അദ്ധ്യായം II

### സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശം

2019 ഏപ്രിൽ മുതൽ 2020 മാർച്ച് വരെയുള്ള കാലയളവിൽ സമിതിയുടെ പരിഗണനയ്ക്കായി ബില്ലുകൾ ലഭിച്ചിട്ടില്ല.

## അദ്ധ്യായം III

### സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.-കൾ സംബന്ധിച്ച വിശദാംശം

(എ) കേരള ഭക്ഷ്യ ഭദ്രതാ ചട്ടങ്ങൾ 2018 (എസ്.ആർ.ഒ. നമ്പർ 356/18), കേരള സഹകരണ സംഘ (ഭേദഗതി) ചട്ടങ്ങൾ (എസ്.ആർ.ഒ. നമ്പർ 549/18), കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ചട്ടങ്ങൾ 2018 (എസ്.ആർ.ഒ. നമ്പർ 754/18) എന്നിവ.

പ്രസ്തുത എസ്.ആർ.ഒ.-കൾ 8-5-2019-ലെ സമിതി യോഗം പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

(ബി) 2019-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ചട്ടം സംബന്ധിച്ച എസ്.ആർ.ഒ. (എസ്.ആർ.ഒ. നമ്പർ 693/2019).

പ്രസ്തുത എസ്.ആർ.ഒ. 26-12-2019-ലെ സമിതി യോഗം പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

## അദ്ധ്യായം IV

### നിയമസഭാ ചട്ടം 235(എ) പ്രകാരം ചേർന്ന സമിതി യോഗം സംബന്ധിച്ച വിശദാംശം

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(എ) പ്രകാരം, കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യുക്കേഷന്റെ (CAPE) പ്രവർത്തനം സംബന്ധിച്ച് സഹകരണ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സമിതി 9-10-2019-ലെ യോഗത്തിൽ ചർച്ച നടത്തി.

## അദ്ധ്യായം V

### നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ട്

(എ) കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(6) പ്രകാരം XXX—ഭക്ഷ്യം എന്ന ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന ഭക്ഷ്യപൊതുവിതരണ വകുപ്പുമായി ബന്ധപ്പെട്ട 2017-18 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് ബഹു. ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി ശ്രീ. പി. തിലോത്തമൻ 26-6-2019-ന് സഭയിൽ സമർപ്പിച്ചു.

(ബി) XXVII—സഹകരണം എന്ന ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന സഹകരണ വകുപ്പിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് കാലതാമസ പത്രിക സഹിതം ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ 6-2-2020-ന് സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ട് സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടില്ല.

## അദ്ധ്യായം VI

### (എ) 2019-20 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ 33 ശിപാർശകളിൽ 9 ശിപാർശകൾക്ക് ഭക്ഷ്യപൊതുവിതരണം, ഉപഭോക്തൃകാര്യം എന്നീ വകുപ്പുകളിൽ നിന്നും മറുപടി ലഭിച്ചിട്ടുണ്ട്. ആയത് ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**(ബി) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻ വർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശം**

(i) 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ അഞ്ചാമത് റിപ്പോർട്ടിലെ ലീഗൽ മെട്രോളജി വകുപ്പുമായി ബന്ധപ്പെട്ട 27, 28, 29, 30, 33, 34, എന്നീ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്.

<u>ശിപാർശ നമ്പർ 27</u>

3475-00-106-99- അളവുകളുടേയും തൂക്കങ്ങളുടേയും ക്രമീകരണം, മെട്രിക് സമ്പ്രദായം നടപ്പാക്കൽ (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ ഡി. എ.-യിൽ വന്നിട്ടുള്ള വർദ്ധനവുമൂലം അധികതുക ആവശ്യമായി വരുന്നതിനാൽ ഈ ശീർഷകത്തിൽ 2,52,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ നമ്പർ 28</u>

3475-00-106-99(04)- യാത്രാ ചെലവുകൾ എന്ന ശീർഷകത്തിൽ വിതരണം മുൻവർഷത്തെ ചെലവിനേക്കാൾ കുറവായതിനാലും റാഞ്ചിയിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലീഗൽ മെട്രോളജി നടത്തുന്ന അടിസ്ഥാന പരിശീലന കോഴ്സിലേക്ക് ജീവനക്കാരെ അയയ്ക്കുന്നതിനാലും അധിക ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക വളരെ അപര്യാപ്തമാണ്. ആകയാൽ 5 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

<u>ശിപാർശ നമ്പർ 29</u>

3475-00-106-99(05)-ഓഫീസ് ചെലവുകൾ (3) ടെലഫോൺ എന്ന ശീർഷകത്തിലെ ഓഫീസ് ചെലവുകളിൽ ഉൾപ്പെടുന്ന ഇന്റർനെറ്റ്, ഫാക്സ്, ഫോൺ എന്നിവയിൽ കൂടുതൽ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ 36,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ നമ്പർ 30</u>

3475-00-106-99(06)- വാടക, കരം, നികുതി എന്ന ശീർഷകത്തിൽ സ്വകാര്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന പല ലീഗൽ മെട്രോളജി ഓഫീസ് കെട്ടിടങ്ങളുടേയും വാടക കുടിശ്ശിക തുക നൽകാനുള്ളതിനാലും റവന്യൂ ടവറിൽ പ്രവർത്തിക്കുന്ന ലീഗൽ മെട്രോളജി ഓഫീസുകളുടെ വാടക ഇനത്തിൽ 14 ലക്ഷത്തോളം രൂപ ഭവന നിർമ്മാണ ബോർഡിന് കുടിശ്ശിക കൊടുത്ത് തീർക്കുവാനുള്ളതിനാലും ബഡ്ജറ്റിൽ വകയിരുത്തിയ തുകയ്ക്ക് പുറമെ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ നമ്പർ 33

3475-00-106-99-45 പി.ഒ.എൽ.-അളവുകളുടേയും തൂക്കങ്ങളുടേയും ക്രമീകരണം, മെട്രിക് സമ്പ്രദായം നടപ്പാക്കൽ (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ ലീഗൽ മെട്രോളജി വകുപ്പിനായി 9 വാഹനങ്ങൾ കൂടി പുതുതായി വാങ്ങിയതുമായി ബന്ധപ്പെട്ട് അധിക ചെലവ് പ്രതീക്ഷിക്കുന്നതിനാൽ 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ നമ്പർ 34

3475-00-106-98-അളവുകളുടേയും തൂക്കങ്ങളുടേയും പരിശോധനയുടെ ഗുണവും കൃത്യതയും വർദ്ധിപ്പിക്കൽ (പ്ലാൻ) എന്ന ശീർഷകത്തിൽ മുൻ സാമ്പത്തിക വർഷം ഇ-ലെഡ്ജർ ചെയ്തിട്ടുള്ള 25 ലക്ഷം രൂപ ഈ സാമ്പത്തിക വർഷത്തിലുള്ള വീതാംശത്തിൽ നിന്നും ഉപയോഗിക്കേണ്ടി വരുന്നതിനാൽ ഈ സാമ്പത്തിക വർഷം അനുവദിച്ച വീതാംശം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആകയാൽ 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2015-16 സാമ്പത്തിക വർഷത്തെ കണക്കുകൾ 13-6-2016-ലെ ജി. ഒ.(ആർ.ടി.) നമ്പർ 5205/16/ധന. പ്രകാരം റീ-അപ്രോപ്രിയേറ്റ് ചെയ്ത് റഗുലറൈസ് ചെയ്തിട്ടുണ്ട്.

(ഉപഭോക്തൃകാര്യ വകുപ്പിന്റെ 22-9-2018-ലെ 127/സി.എ 4/17/ഉ.ക.വ. നമ്പർ കത്ത്).

പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റിന്മേലുള്ള ഡിലേ സ്റ്റേറ്റ്മെന്റ് നിയമസഭാ ചട്ടം 236(5) പ്രകാരം 5-12-2018-ന് സഭയിൽ സമർപ്പിക്കുകയും നടപടി സ്റ്റേറ്റ്മെന്റ് 8-5-2019-ലെ സമിതി യോഗം പരിഗണിക്കുകയും ചെയ്തു.

(ii) 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ അഞ്ചാമത് റിപ്പോർട്ടിലെ 28, 30 എന്നീ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്.

ശിപാർശ നമ്പർ 28

2408-01-101-96(33)- കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനും മറ്റ് ഏജൻസികളും വഴി നെല്ല് സംഭരിക്കൽ സബ്സിഡികൾ എന്ന ശീർഷകത്തിൽ നെല്ലുല്പാദനം മെച്ചപ്പെട്ടതിനാലും നെല്ലിന്റെ സംഭരണ വില രാജ്യത്തെ ഏറ്റവും മികച്ചതായതിനാലും 2015-16 സാമ്പത്തിക വർഷം സംഭരണം കൂടുമെന്ന് പ്രതീക്ഷിക്കുന്നു. 2015-16 സാമ്പത്തിക വർഷത്തിൽ ഏകദേശം 5.5 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. നെല്ലിന്റെ സംഭരണ വില കിലോഗ്രാമിന്

19.00 രൂപയാണ്. ഇതിൽ കിലോ ഗ്രാമിന് 5 രൂപ 40 പൈസ നിരക്കിൽ സംസ്ഥാന വിഹിതമായി നൽകിയാണ് നെല്ല് സംഭരണം നടത്തുന്നത്. 2014-15 സാമ്പത്തിക വർഷം നെല്ല് സംഭരിച്ച വകയിൽ 210 കോടി രൂപ സപ്ലൈകോയ്ക്ക് നൽകുവാനുണ്ട്. ആകെ 507 കോടി രൂപ ഈ ശീർഷകത്തിൽ ആവശ്യമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രസ്തുത പദ്ധതിയ്ക്കായി 300 കോടി രൂപ വകയിരുത്തുന്നതായി പ്രഖ്യാപിച്ചിരുന്നുവെങ്കിലും ആകെ 190 കോടി രൂപ മാത്രമാണ് ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിരിക്കുന്നത്. ആയതിനാൽ പ്രസ്തുത പദ്ധതിയ്ക്കായി 317 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2015-16 സാമ്പത്തിക വർഷത്തിൽ 2014-15, 2015-16 സീസണുകളിൽ നിന്നായി ഏകദേശം 5.84 ലക്ഷം മെട്രിക് ടൺ നെല്ല് സപ്ലൈകോ സംഭരിച്ചിട്ടുണ്ട്. ഇതിൽ 2014-15 സീസണിൽ കിലോഗ്രാമിന് 19 രൂപയും, 2015-16 സീസണിൽ കിലോഗ്രാമിന് 21.50 രൂപയും ആയിരുന്നു നെല്ലിന്റെ സംഭരണ വില. 2014-15, 2015-16 സീസണുകളിൽ സംസ്ഥാന പ്രോത്സാഹന ബോണസ് യഥാക്രമം 5.40 രൂപ/കി.ഗ്രാം, 7.40 രൂപ/കി.ഗ്രാം എന്നീ നിരക്കുകളിലായിരുന്നു. 2015-16 സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ വിഹിതമായി 358 കോടി രൂപ സപ്ലൈകോയ്ക്ക് ലഭിക്കുകയും ആയത് പൂർണ്ണമായും നെല്ല് സംഭരണത്തിനായി ചെലവഴിക്കുകയും ചെയ്തിട്ടുള്ളതാണ്.

<u>ശിപാർശ നമ്പർ 30</u>

2408-01-102-99-(33)-കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിലേക്ക് സ്റ്റേറ്റ് മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾക്കുള്ള ഗ്രാന്റ് സബ്സിഡികൾ എന്ന ശീർഷകത്തിൽ കമ്പോളത്തിലെ അവശ്യവസ്തുക്കളുടെ വിലനിയന്ത്രണം നടത്തുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ മാവേലി സ്റ്റോറുകൾ, ലാഭം മാർക്കറ്റുകൾ, ശബരി സൂപ്പർ മാർക്കറ്റുകൾ, ശബരി സ്റ്റോറുകൾ, ഹൈപ്പർ മാർക്കറ്റുകൾ, ചില്ലറ മരുന്ന് വില്പനശാലകൾ തുടങ്ങിയവ നടത്തി വരുന്നു. ഇതിനായി 70 കോടി രൂപയാണ് കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ചിരുന്നത്. വിപണിയിടപെടൽ പദ്ധതിയ്ക്ക് പ്രതിമാസം ശരാശരി 30 കോടി രൂപയും ഓണക്കാലത്ത് ബി.പി.എൽ. കിറ്റ് വിതരണത്തിനായി ഏകദേശം 20 കോടി രൂപയും ചിലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ പ്രസ്തുത ഇനത്തിൽ 386 കോടി രൂപ ലഭ്യമായാൽ മാത്രമേ പദ്ധതി വിജയകരമായി മുന്നോട്ട് കൊണ്ടുപോകാൻ കഴിയുകയുള്ളൂവെന്ന് സമിതി വിലയിരുത്തുന്നു. 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ടി പദ്ധതിയ്ക്കായി 100 കോടി രൂപ വകയിരുത്തുന്നതായി പ്രഖ്യാപിച്ചിരുന്നുവെങ്കിലും ആകെ 65 കോടി രൂപ മാത്രമാണ് പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ ബഡ്ജറ്റ് വിഹിതത്തിന് പുറമെ 321 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2015-16 സാമ്പത്തിക വർഷം വിപണിയിടപെടൽ പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റ് വിഹിതമായി സപ്ലൈകോയ്ക്ക് ആദ്യം വകയിരുത്തിയത് 65 കോടി രൂപയായിരുന്നുവെങ്കിലും പിന്നീട് അധിക വിഹിതമായി 34 കോടി രൂപ കൂടി അനുവദിക്കുകയുണ്ടായി. ഇപ്രകാരം 2015-16 സാമ്പത്തിക വർഷം വിപണിയിടപെടൽ പ്രവർത്തനങ്ങൾക്കായി ആകെ ലഭിച്ച വിഹിതം 99 കോടി രൂപയാണ്. എന്നാൽ പ്രസ്തുത സാമ്പത്തിക വർഷം സബ്സിഡി നിരക്കിൽ അവശ്യസാധനങ്ങൾ വിൽപ്പന നടത്തിയതിലൂടെ സപ്ലൈകോയ്ക്ക് 249.21 കോടി രൂപയുടെ നഷ്ടമാണ് ഉണ്ടായത്. ലഭ്യമായ 99 കോടി രൂപയുടെ ഗ്രാന്റ് കിഴിച്ച് 150.2 കോടി രൂപയുടെ നഷ്ടം 2015-16 സാമ്പത്തിക വർഷം മാത്രം സപ്ലൈകോയ്ക്ക് ബാധ്യതയായി നിലനിൽക്കുന്നു. 2009-10 മുതൽ 2014-15 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ആഡിറ്റ് ചെയ്ത കണക്കുപ്രകാരം സബ്സിഡി ഇനത്തിൽ 322.08 കോടി രൂപയുടെ നഷ്ടവും സപ്ലൈകോയ്ക്ക് ഉണ്ടായിട്ടുണ്ട്.

(ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ 17-9-2018-ലെ 149087/സി2/18/ഭ.സി.സ.വ. നമ്പർ കത്ത്).

പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റിന്മേലുള്ള ഡിലേ സ്റ്റേറ്റ്മെന്റ് നിയമസഭാ ചട്ടം 236(5) പ്രകാരം 5-12-2018-ന് സഭയിൽ സമർപ്പിക്കുകയും നടപടി സ്റ്റേറ്റ്മെന്റ് 8-5-2019-ലെ സമിതി യോഗം പരിഗണിക്കുകയും ചെയ്തു.

<u>അദ്ധ്യായം VII</u>

2019 ഏപ്രിൽ മുതൽ 2020 മാർച്ച് വരെയുള്ള കാലയളവിൽ സമിതി പ്രത്യേക റിപ്പോർട്ടുകൾ ഒന്നും സമർപ്പിച്ചിട്ടില്ല.

കടകംപള്ളി സുരേന്ദ്രൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XI.*

തിരുവനന്തപുരം,
2020 ജൂലൈ 22.

അനുബന്ധം

## 8-5-2019-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2019 മേയ് 8-ാം തീയതി ബുധനാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ മന്ദിരത്തിലെ 604-ാം നമ്പർ റൂമിൽ സമിതി ചെയർമാൻ ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ശ്രീ. പി. തിലോത്തമനും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായി.

1. ശ്രീ. അബ്ദുൽ ഹമീദ് പി., എം.എൽ.എ.
2. ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ.
3. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, എം.എൽ.എ.
4. ശ്രീ. വി. ജോയി, എം.എൽ.എ.
5. ശ്രീ. മുഹമ്മദ് മുഹസിൻ പി., എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. വി.ജി. റിജു, ഡെപ്യൂട്ടി സെക്രട്ടറി
2. ശ്രീമതി ജാസ്മിൻ പി.എസ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീമതി മിനി ആന്റണി, സെക്രട്ടറി, ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും സഹകരണവും വകുപ്പ്
2. ശ്രീ. വിജയകുമാർ, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
3. ശ്രീ. എ. ഷിബു, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
4. ശ്രീമതി എസ്. സന്ധ്യ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
5. ശ്രീ. പി.എസ്. രാജേഷ്, അഡീഷണൽ സെക്രട്ടറി, സഹകരണ വകുപ്പ്
6. ശ്രീ. എൻ.റ്റി.എൽ. റെഡ്ഡി, ഡയറക്ടർ, സിവിൽ സപ്ലൈസ്
7. ഡോ. ആർ. ശശികുമാർ, ഡയറക്ടർ, കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (CAPE)

8. ശ്രീമതി എം.എസ്. ജയ, ചെയർപേഴ്സൺ ആന്റ് മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ

9. ശ്രീ. എസ്. ഷാനവാസ്, രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്

10. ഡോ. പി. സുരേഷ് ബാബു, കൺട്രോളർ, ലീഗൽ മെട്രോളജി വകുപ്പ്

11. ശ്രീമതി പി. ഇന്ദുകല, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്

12. ശ്രീ. എസ്. സാജു, ജോയിന്റ് സെക്രട്ടറി, ഭക്ഷ്യ പൊതുവിതരണ വകുപ്പ്

13. ശ്രീമതി സി. ബിന്ദു, ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ്

14. ശ്രീ. ആർ. ഷാഹുൽ ഹമീദ്, ചീഫ് അക്കൗണ്ട്സ് ഓഫീസർ, സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റ്.

I. സമിതി താഴെപ്പറയുന്ന എസ്.ആർ.ഒ.-കൾ പരിഗണിക്കുകയും സാധൂകരിച്ച് അംഗീകരിക്കുകയും ചെയ്തു.

1. കേരള ഭക്ഷ്യ ഭദ്രതാ ചട്ടങ്ങൾ 2018 (എസ്.ആർ.ഒ. നമ്പർ 356/18)

(ഫയൽ നമ്പർ 3851/സബ്.സി.ജി1/18/നി.സെ.)

2. കേരള സഹകരണ സംഘ (ഭേദഗതി) ചട്ടങ്ങൾ 2018 (എസ്.ആർ.ഒ. നമ്പർ 549/18)

(ഫയൽ നമ്പർ 6072/സബ്.സി.ജി1/18/നി.സെ.)

3. കേരള സഹകരണസംഘ (രണ്ടാം ഭേദഗതി) ചട്ടങ്ങൾ 2018 (എസ്.ആർ.ഒ. നമ്പർ 754/18)

(ഫയൽ നമ്പർ 6703/സബ്.സി.ജി1/18/നി.സെ.)

II. 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ താഴെപ്പറയുന്ന ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണനയ്ക്കെടുത്തു.

(ഫയൽ നമ്പർ 1248/സബ്.സി.ജി1/18/നി.സെ.)

1. ഭക്ഷ്യ പൊതുവിതരണ വകുപ്പ് ലഭ്യമാക്കിയ ശിപാർശ 26, 27, 28, 29, 30, 31, 33 എന്നിവയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

2. ഉപഭോക്തൃ കാര്യ വകുപ്പ് ലഭ്യമാക്കിയ ശിപാർശ 22, 23, 24, 25, 32, 34 എന്നിവയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

III. 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ താഴെപ്പറയുന്ന ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണനയ്ക്കെടുത്തു.

1. ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ അഞ്ചാമത് റിപ്പോർട്ടിലെ 28, 30 എന്നീ ശിപാർശകളിന്മേൽ ഭക്ഷ്യ പൊതുവിതരണ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

(ഫയൽ നമ്പർ 3292/സബ്.സി.ജി1/15/നി.സെ.)

2. ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ അഞ്ചാമത് റിപ്പോർട്ടിലെ 27, 28, 29, 30, 33, 34 എന്നീ ശിപാർശകളിന്മേൽ ഉപഭോക്തൃകാര്യ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

(ഫയൽ നമ്പർ 5246/സബ്.സി.ജി1/16/നി.സെ.)

IV. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഫയലുകൾ

1. ഫയൽ നമ്പർ 7017/സബ്.സി.ജി1/18/നി.സെ.

പ്രസ്തുത ഫയലുമായി ബന്ധപ്പെട്ട വിഷയം സമിതി പരിശോധിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു.

2. ഫയൽ നമ്പർ 2521/സബ്.സി.ജി1/17/നി.സെ.

സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം സംബന്ധിച്ച പ്രസ്തുത വിഷയത്തിന്മേൽ റിപ്പോർട്ട് തയ്യാറാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

സമിതിയോഗം രാവിലെ 11.30-ന് പിരിഞ്ഞു.

## 24-6-2019-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2019 ജൂൺ 24 തിങ്കളാഴ്ച സഭ പിരിഞ്ഞതിനുശേഷം രാവിലെ 11.45-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി ശ്രീ. പി. തിലോത്തമനും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായി.

1. ശ്രീ. ജോർജ് എം. തോമസ്, എം.എൽ.എ.
2. ശ്രീ. പി.സി. ജോർജ്, എം.എൽ.എ.
3. ശ്രീ. മുഹമ്മദ് മുഹസിൻ പി., എം.എൽ.എ.
4. ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീ. മാത്യുക്കുട്ടി ജി., ജോയിന്റ് സെക്രട്ടറി
2. ശ്രീ. വി.ജി. റിജു, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ജാസ്മിൻ പി.എസ്, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥ</u>

ശ്രീമതി മിനി ആന്റണി, സെക്രട്ടറി, സഹകരണ വകുപ്പ്.

സമിതി 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ, ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണിക്കുകയും ചുവടെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

I. 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ താഴെപ്പറയുന്ന ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 1248/സബ്.സി.ജി1/18/നി.സെ.)

സഹകരണ വകുപ്പ് - 1 മുതൽ 21 വരെ ഖണ്ഡികകൾ

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - 35-ാം ഖണ്ഡിക

II. 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും റിപ്പോർട്ട് ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 1248/സബ്.സി.ജി1/18/നി.സെ.)

III. 1-4-2018 മുതൽ 31-3-2019 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും റിപ്പോർട്ട് ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 2336/സബ്.സി.ജി1/19/നി.സെ.)

സമിതി അംഗീകരിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട്, പീരിയോഡിക്കൽ റിപ്പോർട്ട് എന്നിവ 2-7-2019-ന് സഭയിൽ സമർപ്പിക്കുന്നതിന് സമിതി തീരുമാനിച്ചു.

IV. നിയമസഭ പാസ്സാക്കിയ നിയമങ്ങൾ അനുസരിച്ചുള്ള ചട്ടങ്ങൾ യഥാസമയം പുറപ്പെടുവിക്കാത്തത് സംബന്ധിച്ച് ബഹു. സ്പീക്കർ 12-6-2019-ന് സഭയിൽ പുറപ്പെടുവിച്ച

റൂളിംഗ് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ സമിതിയുടെ പരിധിയിൽ വരുന്ന ചട്ടങ്ങൾ പുറപ്പെടുവിക്കാൻ അവശേഷിക്കുന്ന 2018-ലെ കേരള സഹകരണ സംഘ(2-ാം ഭേദഗതി) ആക്ട്, 2019-ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (അമെന്റ്മെന്റ്) ആക്ട് എന്നിവ സംബന്ധിച്ച് സഹകരണ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് 2019 ജൂലൈ മാസത്തെ യോഗത്തിൽ തെളിവെടുപ്പ് നടത്തുന്നതിന് സമിതി തീരുമാനിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 3442/സബ്.സി.ജി1/19/നി.സെ.)

യോഗം ഉച്ചയ്ക്കുശേഷം 12.15-ന് പിരിഞ്ഞു.

## 29-7-2019-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2019 ജൂലൈ 29-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്ക് 12.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി ശ്രീ. പി. തിലോത്തമനും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ.
2. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീ. മാത്യുക്കുട്ടി ജി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. വി.ജി. റിജു, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ജാസ്മിൻ പി.എസ്, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. പി.എസ്. രാജേഷ്, അഡീഷണൽ സെക്രട്ടറി, സഹകരണ വകുപ്പ്
2. ശ്രീമതി എസ്. സന്ധ്യ, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്
3. ഡോ. പി.കെ. ജയശ്രീ, രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്
4. ശ്രീ. ബി. പ്രതാപചന്ദ്രൻ, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്.

ബഹു. സ്പീക്കറുടെ 12-6-2019-ലെ റൂളിംഗിന്റെ അടിസ്ഥാനത്തിൽ 2018-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ആക്ട് 2019-ലെ കേരള സഹകരണ സംഘം (ഭേദഗതി) ആക്ട് എന്നിവയുടെ കരട് ചട്ടങ്ങൾ ലഭ്യമാക്കാത്തത് സംബന്ധിച്ച് സഹകരണം, നിയമം എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് സമിതി തെളിവെടുപ്പ് നടത്തി.

1. <u>2018-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ആക്ട്</u>

(ഫയൽ നമ്പർ 427/സബ്.സി.ജി1/19/നി.സെ.)

പ്രസ്തുത ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായി കരട് ചട്ടങ്ങൾ രൂപീകരിക്കുന്നത് പരിശോധിച്ച് വേണ്ട ശിപാർശ അടിയന്തരമായി സമർപ്പിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർക്കും ക്ഷീര വികസന വകുപ്പ് ഡയറക്ടർക്കും നൽകിയിട്ടുള്ള നിർദ്ദേശത്തിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് സമിതി ആരാഞ്ഞതിന് പ്രസ്തുത നിയമത്തിനകത്ത് രണ്ട് ഭേദഗതികളാണ് കൊണ്ടുവന്നതെന്നും അതിൽ 'സെക്ഷൻ 2(oe)' പ്രാഥമിക ടൂറിസം സഹകരണ സംഘങ്ങളുടെ അധികാര പരിധി താലൂക്കടിസ്ഥാനത്തിൽ പരിമിതപ്പെടുത്തുന്നതിനായിരുന്നുവെന്നും, 'സെക്ഷൻ 28-ൽ(1DA)' എന്നുള്ള പ്രൊവിഷനാണ് ചേർത്തതെന്നും, കൂടാതെ സ്പെഷ്യൽ ഓഫീസറുടെ നിയമനത്തെയും ഡ്യൂട്ടികളെയും സംബന്ധിച്ച വ്യവസ്ഥകൾ സെക്ഷൻ(1E)ൽ വ്യക്തമായി ഡിഫൈൻ ചെയ്തിട്ടുള്ളതുകൊണ്ട് പ്രത്യേക റൂളിന്റെ ആവശ്യമില്ലെന്ന നിഗമനത്തിലാണ് എത്തിചേർന്നതെന്നും സഹകരണ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി. പ്രാഥമിക ടൂറിസം സഹകരണ സംഘങ്ങളെ നേരത്തെ ഡിഫൈൻ ചെയ്തിരുന്നത് 'Primary Tourism Co-operative Society or Societies Undertaking Tourism Activities' എന്നാണെന്നും, ഏരിയ ഓഫ് ഓപ്പറേഷൻസ് ലിമിറ്റ് ചെയ്തപ്പോൾ പ്രസ്തുത ഡെഫനിഷൻ നീക്കി റൂൾസ് ഫ്രെയിം ചെയ്യുന്നതിനായി രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ഒരു പ്രൊപ്പോസൽ നൽകിയിട്ടുണ്ടെന്നും അത് നിയമവകുപ്പിന് കൈമാറിയിട്ടുണ്ടെന്നും സഹകരണ വകുപ്പ് അഡീഷണൽ സെക്രട്ടറി കൂട്ടിച്ചേർത്തു. കരട് ചട്ടം അടിയന്തരമായി നിർമ്മിക്കുവാനും ആയത് സമിതിയുടെ പരിശോധനയ്ക്കായി ഒരു മാസത്തിനകം സമർപ്പിക്കുവാനും സമിതി വകുപ്പിന് നിർദ്ദേശം നൽകി.

ക്ഷീര സഹകരണ സംഘങ്ങളുടെ കാര്യത്തിൽ മേഖലാടിസ്ഥാനത്തിൽ ഇലക്ഷൻ നടത്തിയിരുന്നത് ജില്ലാടിസ്ഥാനത്തിലേക്ക് മാറ്റിയതായും, സഹകരണ റൂളിൽ 34-ലും 35-ലും ഇലക്ഷനെ സംബന്ധിച്ച് വ്യക്തമായ ചട്ടങ്ങളുണ്ടായിരുന്നതുകൊണ്ട് അതുസംബന്ധിച്ച അഭിപ്രായം അറിയിക്കാനാണ് ക്ഷീര വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നതെന്നും ഇത് സംബന്ധിച്ച് ലഭ്യമായ ചട്ടം പരിശോധിച്ച് നിയമവകുപ്പിന് നൽകുന്നതാണെന്നും സഹകരണ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത ചട്ടത്തിന്റെ കരട് അടിയന്തരമായി തയ്യാറാക്കണമെന്നും ആയതിന്റെ പരിശോധനയ്ക്കായി ഒരു മാസത്തിനകം സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി വകുപ്പിന് നിർദ്ദേശം നൽകി.

2. 2019-ലെ കേരള സഹകരണ സംഘ (ഭേദഗതി) ആക്ട്

(ഫയൽ നമ്പർ 1428/സബ്.സി.11/19/നി.സെ.)

പ്രസ്തുത കരട് ചട്ടം ലഭ്യമാക്കാത്തതിനുള്ള കാരണം സമിതി ആരാഞ്ഞതിന് സെക്ഷൻ 14-ലെ ഭേദഗതിയാണ് 14A ആയി കൊണ്ടുവന്നിരിക്കുന്നതെന്നും നിയമത്തിനകത്ത് റൂൾ 30-ലും 36-ലും എങ്ങനെയാണ് Annual General Meeting നടത്തുന്നത് എന്നതുസംബന്ധിച്ച പ്രൊവിഷനുണ്ടെന്നും അതുകൊണ്ട് പുതിയൊരു ചട്ടത്തിന്റെ ആവശ്യമില്ലെന്നും, കേരള ബാങ്കിന്റെ കാര്യത്തിൽ ചട്ടം നോട്ടിഫൈ ചെയ്തിട്ടില്ലെന്നും കേരള ബാങ്കിന് അനുവാദം കിട്ടുന്ന മുറയ്ക്കേ മറ്റ് സെക്ഷനുകൾ നോട്ടിഫൈ ചെയ്യാൻ സാധിക്കുകയുള്ളുവെന്നും അതിനുശേഷം മാത്രമേ ചട്ടമുണ്ടാക്കാൻ സാധിക്കുകയുള്ളുവെന്നും സഹകരണ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

കുടിശ്ശികയായിട്ടുള്ള കരട് ചട്ടങ്ങൾ ലഭ്യമാക്കാൻ കാലതാമസമുണ്ടായത് എന്തുകൊണ്ടാണെന്നത് സംബന്ധിച്ചും നിലവിലുള്ള നിയമത്തിൽ വ്യവസ്ഥകളുള്ളത് കൊണ്ട് ചട്ടങ്ങൾ രൂപീകരിക്കേണ്ട ആവശ്യമില്ലെന്നതുസംബന്ധിച്ചും കേരള ബാങ്കിന്റെ കാര്യത്തിൽ റിസർവ് ബാങ്കിന്റെ അന്തിമ അനുമതി ലഭിച്ചിട്ടില്ലാത്തതുകൊണ്ട് നോട്ടിഫൈ ചെയ്യാൻ സാധിച്ചിട്ടില്ലെന്നത് സംബന്ധിച്ചുമുള്ള വിശദമായ ഒരു വസ്തുതാ സ്റ്റേറ്റ്മെന്റ് എത്രയും വേഗം സമിതിക്ക് ലഭ്യമാക്കണമെന്ന് ചെയർമാൻ നിർദ്ദേശിച്ചു.

സമിതിയോഗം ഉച്ചയ്ക്കുശേഷം 12.15-ന് അവസാനിച്ചു.

## 9-10-2019-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2019 ഒക്ടോബർ 9-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി ശ്രീ. പി. തിലോത്തമനും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

(1) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ എം.എൽ.എ.

(2) ശ്രീ. ജോർജ് എം. തോമസ് ,,

(3) ശ്രീ. പി. സി. ജോർജ് ,,

(4) ശ്രീ. വി. ജോയി ,,

(5) ശ്രീ. മുഹമ്മദ് മുഹസിൻ പി. ,,

നിയമസഭാ സെക്രട്ടേറിയറ്റ് :

(1) ശ്രീ. മാത്യുക്കുട്ടി ജി, ജോയിന്റ് സെക്രട്ടറി

(2) ശ്രീ. വി. ജി. റിജു, ഡെപ്യൂട്ടി സെക്രട്ടറി

(3) ശ്രീമതി ജാസ്മിൻ പി. എസ്., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

(1) ശ്രീമതി മിനി ആന്റണി, സെക്രട്ടറി, സഹകരണ വകുപ്പ്

(2) ഡോ. ആർ. ശശികുമാർ, ഡയറക്ടർ, കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (CAPE)

(3) ശ്രീമതി മെബിൻ സെബാസ്റ്റ്യൻ, ഫിനാൻസ് ഓഫീസർ, കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (CAPE).

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(എ) പ്രകാരം കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ (CAPE) പ്രവർത്തനം സംബന്ധിച്ച് സഹകരണ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സമിതി ചർച്ച നടത്തി. ചർച്ചയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ (CAPE) പ്രവർത്തനം വിശദമാക്കുന്നതിന് സമിതി ആവശ്യപ്പെട്ടപ്പോൾ കേപ്പിന്റെ എഞ്ചിനീയറിംഗ് കോളേജുകളിൽ പഠിക്കുന്ന കുട്ടികൾക്ക് മികച്ച വിജയം ലഭിക്കുന്നുണ്ടെങ്കിലും അവിടെ അഡ്മിഷൻ നേടുന്ന വിദ്യാർത്ഥികളുടെ എണ്ണം കുറവാണെന്നും പ്രസ്തുത സാഹചര്യത്തിൽ ഡിമാന്റ് കുറയുന്ന എഞ്ചിനീയറിംഗ് കോഴ്സുകൾ അവസാനിപ്പിക്കുകയും ഡിമാന്റുള്ള മറ്റ് കോഴ്സുകൾ ഉൾപ്പെടുത്തുകയുമാണ് ചെയ്യുന്നതെന്നും സഹകരണ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് എന്തുകൊണ്ടാണ് ഡിമാന്റ് കുറയുന്നതെന്നും ഡിമാന്റ് കുറഞ്ഞ എഞ്ചിനീയറിംഗ് കോഴ്സുകൾ ഏതൊക്കെയാണെന്നും സമിതി ആരാഞ്ഞതിന് മെക്കാനിക്കൽ എഞ്ചിനീയറിംഗിന് വിദേശത്തും മറ്റും തൊഴിൽ സാധ്യത കൂടുതലായതിനാൽ ഡിമാന്റ് കുറയുന്നില്ലെന്നും വ്യവസായങ്ങളുമായി ചേർന്നുവരുന്ന തൊഴിൽ സാധ്യതകൾ ചില പ്രത്യേക സ്കീമുകൾക്ക് ഗുണംചെയ്യുന്നുണ്ടെന്നും ഇലക്ട്രോണിക്സ് ആന്റ് ഇൻസ്ട്രുമെന്റേഷനും ഇൻഫർമേഷൻ ടെക്നോളജിയുമാണ് പ്രധാനമായും ഡിമാന്റ് കുറഞ്ഞ 2 കോഴ്സുകളെന്നും CAPE ഡയറക്ടർ മറുപടി നൽകി. മൂന്ന് അലോട്ട്മെന്റ് കഴിഞ്ഞാൽ സ്വാശ്രയകോളേജുകളിൽ അഡ്മിഷൻ എടുത്ത കുട്ടികൾക്ക് CAPE-ന്റെ കീഴിലുള്ള കോളേജുകളിലേക്ക് പോകുവാൻ കഴിയുകയില്ലെന്നും സ്പോട്ട് അഡ്മിഷൻ വരുമ്പോൾ CAPE-ന്റെ കോളേജുകളിൽ നിന്ന്

ഗവൺമെന്റ് കോളേജുകളിൽ അഡ്മിഷനെടുക്കുന്നതും CAPE-ന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ അഡ്മിഷൻ കുറയാനുള്ള കാരണമാവുകയും അങ്ങനെ സീറ്റ് വേക്കന്റാവുകയും ചെയ്യുന്നുവെന്ന് CAPE ഡയറക്ടർ കൂട്ടിച്ചേർത്തു.

നിലവാരമുള്ള അക്കാദമിക സാഹചര്യം ഉണ്ടായാൽ കുട്ടികൾ കുറയാൻ സാധ്യതയില്ലായെന്നും കേരളത്തിന് പുറത്തുള്ള പ്രൈവറ്റ് കോളേജുകളൊക്കെ സ്റ്റുഡന്റ് എക്സ്ചേഞ്ച് പ്രോഗ്രാമുകൾ, സ്റ്റാർട്ടപ്പ് ഫെസിലിറ്റീസ് തുടങ്ങിയ സാധ്യതകൾ കൊടുക്കുന്നുണ്ടെന്നും സ്റ്റുഡന്റ് എക്സ്ചേഞ്ച് പ്രോഗ്രാം നടത്തുകവഴി കുട്ടികൾക്ക് കൂടുതൽ exposure കൊടുക്കുക, സ്റ്റാർട്ടപ്പ് പോലുള്ള ആശയങ്ങൾ നടപ്പിലാക്കാൻ പറ്റുന്ന സാഹചര്യം ഒരുക്കിയാൽ അത്തരം കോളേജുകളിൽ അഡ്മിഷൻ ലഭിച്ചാൽ കൂടുതൽ ക്വാളിറ്റിയുള്ള എഡ്യൂക്കേഷൻ സ്വായത്തമാക്കുവാൻ കഴിയുമെന്ന തോന്നലുണ്ടാകുമെന്നും സമിതി അഭിപ്രായപ്പെടുകയും അതിനായി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ എന്നാരായുകയും ചെയ്തു. ആയതിന് CAPE-ന്റെ കോളേജുകളിൽ ഒന്നുരണ്ട് യൂണിറ്റുകളായി സ്റ്റാർട്ടപ്പുകൾക്കുള്ള സൗകര്യം കൊടുക്കുന്നുണ്ടെന്നും തമിഴ്നാട്ടിലെ എസ്.ആർ.എം. യൂണിവേഴ്സിറ്റി, ഹിന്ദുസ്ഥാൻ യൂണിവേഴ്സിറ്റി എന്നിവയെപ്പോലെ മറ്റ് യൂണിവേഴ്സിറ്റികളുമായി ഇന്ററാക്ഷൻസും, എക്സ്ചേഞ്ച് പ്രോഗ്രാമുകളും ഒരുക്കുന്ന പശ്ചാത്തലം ഉണ്ടായാൽ CAPE-ന്റെ കീഴിലുള്ള കോളേജുകളിലും കുട്ടികൾ കുറയുന്ന സാഹചര്യം ഒഴിവാക്കാമെന്ന് CAPE ഡയറക്ടർ മറുപടി നൽകി.

CAPE-ന്റെ കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ വരവ് ചെലവ് കണക്കിൽ 2014-15-ൽ 4,46,31,588 രൂപ ലാഭത്തിലായിരുന്നുവെന്നും 2018-19-ൽ 21,78,60,988 രൂപ നഷ്ടത്തിലാണെന്നാണ് കാണിച്ചിരിക്കുന്നതെന്നും ചൂണ്ടിക്കാട്ടിയ സമിതി 2018-19-ൽ ഇത്രയും നഷ്ടത്തിലാകാനുള്ള കാരണമെന്താണെന്നും 2014-15-ൽ ലാഭത്തിലായിരുന്നതിന് എന്തെങ്കിലും കാരണമുണ്ടോയെന്നും ആരാഞ്ഞതിന്, 2013 വരെ CAPE-ന്റെ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്ന് മാത്രമായി 70 കോടി രൂപയുടെ ലാഭമുണ്ടായിരുന്നുവെന്നും ഈ ലാഭമുൾപ്പെടെയുള്ള തുക ഉപയോഗിച്ചാണ് കൊച്ചിൻ മെഡിക്കൽ കോളേജിന്റെ നിർമ്മാണം നടത്തിയതെന്നും, കൊച്ചിൻ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്ത വകയിൽ 128 കോടിയോളം രൂപ CAPE-ന് ഇപ്പോഴും നൽകാനുണ്ടെന്നും സഹകരണ വകുപ്പ് സെക്രട്ടറി മറുപടി നൽകി.

CAPE-ന് ഈ വർഷം 32 കോടി രൂപയാണ് വരുമാനമായി ലഭിച്ചതെന്നും ശമ്പളം നൽകുന്നതിന് മാത്രമായി പ്രതിവർഷം 60 കോടി രൂപ വേണ്ടിവരുന്നുവെന്നും കഴിഞ്ഞ വർഷം സർക്കാരിൽ നിന്നും പദ്ധതിയേതര വിഭാഗത്തിൽ 4.2365 കോടി രൂപയും ആലപ്പുഴ ജില്ലാ സഹകരണ ബാങ്കിൽ നിന്നും 10 കോടി രൂപ ഓവർ ഡ്രാഫ്റ്റായും 15 കോടി രൂപ പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ടിൽ നിന്ന് സഹായമായും സ്വീകരിക്കേണ്ടി വന്നിട്ടുണ്ടെന്നും നഷ്ടത്തിൽ

പ്രവർത്തിക്കുന്ന എഞ്ചിനീയറിംഗ് കോളേജുകളിൽ പുതുതായി അപ്ലൈഡ് സയൻസ്, ആർട്സ് പോലെയുള്ള ഡിഗ്രി കോഴ്സുകൾ ആരംഭിക്കുന്നതിനുവേണ്ടി യൂണിവേഴ്സിറ്റിയെ സമീപിച്ചിട്ടുണ്ടെന്നും CAPE-ന്റെ സാമ്പത്തിക സ്ഥിതി അവലോകനം ചെയ്ത് ചെയർമാൻ അറിയിച്ചു. ഇൻഡസ്ട്രിയൽ മേഖലയിലെ വിദഗ്ധരെ നിയോഗിച്ച് CAPE-നെ പുരോഗതിയിലേക്ക് നയിക്കുന്നതിനുള്ള പഠനം നടത്തണമെന്ന് സമിതി അഭിപ്രായപ്പെട്ടപ്പോൾ CAPE-ന്റെ പ്രവർത്തനത്തെ സംബന്ധിച്ചും അതിനെ എപ്രകാരം പുനരുജ്ജീവിപ്പിക്കാമെന്നുള്ളത് സംബന്ധിച്ചുമുള്ള പഠനം ഡോ. ബാബു സെബാസ്റ്റ്യൻ കമ്മിറ്റിയുമായി ചേർന്ന് നടത്തിയിട്ടുള്ളതായി CAPE-ന്റെ ഡയറക്ടർ വ്യക്തമാക്കി.

സഹകരണ മേഖലയിൽ പുന്നപ്രയിൽ പ്രവർത്തിക്കുന്ന സാഗര കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ എന്ന സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയുടെ പ്രവർത്തനത്തിലൂടെ ഓരോ വർഷവും മൂന്നര കോടി രൂപയുടെ നഷ്ടമാണ് സംഭവിച്ചുകൊണ്ടിരിക്കുന്നതെന്നും അത് കൈമാറ്റം നടത്തി കേപ്പിൽ നിന്നും വേർപെടുത്തുന്നതാണ് നല്ലതെന്നും CAPE-ന്റെ ലക്ഷ്യം ആശുപത്രി നടത്തിക്കൊണ്ടുപോവുക എന്നതല്ലെന്നും മറിച്ച്, വിദ്യാഭ്യാസമേഖലയെ ലക്ഷ്യംവച്ചുകൊണ്ട് രൂപീകരിച്ച സ്ഥാപനമാണ് കേപ്പ് എന്നും ആശുപത്രി നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനത്തിലേക്ക് പോയതുകൊണ്ടാണ് മൂന്നര കോടി രൂപയുടെ നഷ്ടം സംഭവിച്ചതെന്നും ആയതിനാൽ ഇതിന്റെ ആസ്തി ബാധ്യത റിപ്പോർട്ട് ഉൾപ്പെടെ തയ്യാറാക്കി കൃത്യമായ വ്യവസ്ഥകളോടെ മറ്റേതെങ്കിലും സഹകരണ ആശുപത്രിക്ക് കൈമാറണമെന്ന് സമിതി ചെയർമാൻ അഭിപ്രായപ്പെട്ടു. കൂടാതെ എറണാകുളം ജില്ലയിലെ സഹകരണ മെഡിക്കൽ കോളേജ് സർക്കാരിന് വിട്ടുനൽകിയതിന് നഷ്ടപരിഹാരമായി ലഭിക്കാനുള്ള 128 കോടി രൂപ തിരികെ ലഭിച്ചാൽ പ്രവർത്തനം കുറച്ചുകൂടി കാര്യക്ഷമമാക്കാൻ സാധിക്കുമെന്ന് വിലയിരുത്തിയ സമിതി CAPE-ന് ലഭിക്കേണ്ട 128 കോടി രൂപ CAPE-ന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്തു. വടക്കാഞ്ചേരിയിൽ എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുന്നതിനായി 12.5 കോടി രൂപ ചെലവഴിച്ച് ഒരു കെട്ടിടം നിർമ്മിച്ച് പണി പകുതിയായപ്പോൾ ഫണ്ട് തീർന്നുപോയെന്നും ആ കെട്ടിടത്തിന്റെ പണി ഭാഗികമായി പൂർത്തീകരിച്ച അവസ്ഥയിലാണുള്ളതെന്നും പ്രസ്തുത കെട്ടിടം ഭക്ഷ്യവകുപ്പ് ഗോഡൗൺ ആവശ്യത്തിനായി ഏറ്റെടുക്കണമെന്നും സഹകരണ വകുപ്പിൽ നിന്നും ചെലവഴിക്കപ്പെട്ട 12.5 കോടി രൂപ തിരികെ നൽകണമെന്നും സമിതി ചെയർമാൻ അഭിപ്രായപ്പെട്ടപ്പോൾ ഭക്ഷ്യവസ്തുക്കൾ സൂക്ഷിക്കാൻ കഴിയുന്ന സ്ഥലമല്ല അതെന്നും അതിനുള്ള സാഹചര്യം അവിടെയില്ലെന്നും സമിതി എക്സ്-ഒഫീഷ്യോ അംഗം ബഹു. ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പ് മന്ത്രി അറിയിച്ചു.

**സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ വിഷയം**

<u>സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം സംബന്ധിച്ച്</u>

(ഫയൽ നമ്പർ 2521/സബ്.സി.ജി1/17/നി.സെ.)

സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം സംബന്ധിച്ച് 31-1-2017-ലെ യോഗത്തിൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലെ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കിയ കരട് റിപ്പോർട്ടിൽ നിലവിലെ പ്രവർത്തന വിവരങ്ങൾകൂടി ഉൾപ്പെടുത്തേണ്ടതുള്ളതിനാൽ വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് ഒരു തെളിവെടുപ്പ് കൂടി നടത്തുന്നതിന് സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 2.45-ന് പിരിഞ്ഞു.

## 26-12-2019-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2019 ഡിസംബർ 26-ാം തീയതി വ്യാഴാഴ്ച രാവിലെ 11.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5-ബി' സമ്മേളനഹാളിൽ സമിതി ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി ശ്രീ. പി. തിലോത്തമന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായി.

1. ശ്രീ. അബ്ദുൾ ഹമീദ്. പി., എം.എൽ.എ.
2. ശ്രീ. പി. സി. ജോർജ്, എം.എൽ.എ.
3. ശ്രീ. വി. ജോയി, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ശ്രീ. വി. ജി. റിജു, ഡെപ്യൂട്ടി സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. പി. എസ്. രാജേഷ്, അഡീഷണൽ സെക്രട്ടറി, സഹകരണ വകുപ്പ്
2. ശ്രീമതി എം. ഗീത, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
3. ശ്രീമതി എസ്. സന്ധ്യ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
4. ശ്രീ. ബി. പ്രതാപചന്ദ്രൻ, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്
5. ശ്രീ. ഗിരീശൻ പി. റ്റി., ഡെപ്യൂട്ടി സെക്രട്ടറി, ഭക്ഷ്യപൊതുവിതരണ വകുപ്പ്.

സമിതി 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ 24-ാം നമ്പർ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്, 2019-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ചട്ടം സംബന്ധിച്ച എസ്.ആർ.ഒ., 2019-ലെ കേരള സഹകരണ സംഘ (ഭേദഗതി) ആക്റ്റ് പ്രകാരമുള്ള കരട് ചട്ടങ്ങൾ രൂപീകരിക്കാത്തത് സംബന്ധിച്ച വിശദീകരണക്കുറിപ്പ് എന്നിവ പരിഗണിക്കുകയും ചുവടെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

I <u>2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ 24-ാം നമ്പർ ഖണ്ഡികയിലെ ശിപാർശയിന്മേൽ ഭക്ഷ്യപൊതുവിതരണ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ്.</u>

(ഫയൽ നമ്പർ 3357/സബ്.സി.ജി1/19/നി.സെ.)

ഭക്ഷ്യ സാധനങ്ങളുടെ വിലയിനത്തിൽ വെയ്മെന്റ് ചാർജ്ജ് ഉൾപ്പെടെയുള്ള തുക ഒടുക്കുന്നതിനും, ദേശീയ ഭക്ഷ്യഭദ്രതാനിയമം അനുസരിച്ച് റേഷൻ കടകളിലേക്ക് ഭക്ഷ്യധാന്യങ്ങൾ വാതിൽപ്പടി വിതരണം വഴി ലഭ്യമാക്കുന്നതിനും തുക അനുവദിക്കാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞതിന് സാമ്പത്തിക ഞെരുക്കമുള്ളതുകൊണ്ടാണ് തുക അനുവദിക്കാത്തതെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി. ഭക്ഷ്യധാന്യങ്ങൾ വാതിൽപ്പടി വിതരണം നടത്തുമ്പോഴുണ്ടാകുന്ന അധിക ചെലവിന് തുക ആവശ്യമുള്ളതിനാൽ അടിയന്തരമായി അധിക തുക അനുവദിക്കണമെന്ന് സമിതി ശക്തമായി ശിപാർശ ചെയ്തു.

II <u>2019-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ചട്ടം സംബന്ധിച്ച എസ്.ആർ.ഒ. (എസ്.ആർ.ഒ. നമ്പർ 693/2019).</u>

(ഫയൽ നമ്പർ 427/സബ്.സി.ജി1/19/നി.സെ.)

കരട് ചട്ടം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കാതെ അടിയന്തര സാഹചര്യത്തിൽ എസ്.ആർ.ഒ. ഗസറ്റിൽ പ്രസിദ്ധീകരിച്ച സർക്കാർ നടപടി സബ്ജക്ട് കമ്മിറ്റിയുടെ സാധൂകരണത്തിന് വിധേയമാക്കണമെന്ന് പറഞ്ഞിട്ടുള്ളതിൽ അടിയന്തര സാഹചര്യമെന്തെന്നത് വ്യക്തമാക്കിയിട്ടില്ല എന്ന് സമിതി അഭിപ്രായപ്പെട്ടതിന് മിൽക്ക് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ഇലക്ഷൻ മേഖലാടിസ്ഥാനത്തിൽ നടത്തിയിരുന്നത് ജില്ലാടിസ്ഥാനത്തിലാക്കിയിട്ടുണ്ടെന്നും ഇലക്ഷൻ തീയതി നേരത്തെ തീരുമാനിച്ചിരുന്നതുകൊണ്ടും ജില്ലാടിസ്ഥാനത്തിൽ വോട്ടർ പട്ടിക തയ്യാറാക്കുന്നതിന് സമയപരിമിതിയുള്ളതിനാലുമാണ് സബ്ജക്ട് കമ്മിറ്റിയുടെ അംഗീകാരം വാങ്ങാതെ പ്രത്യേക സാഹചര്യം പരിഗണിച്ച് ഭേദഗതി ചട്ടം പുറപ്പെടുവിച്ചതെന്നും സാധൂകരണത്തിന് സമർപ്പിച്ചതെന്നും സഹകരണ വകുപ്പ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി. ഇത്തരത്തിൽ സാധൂകരണത്തിന് സമർപ്പിക്കുമ്പോൾ അടിയന്തര സാഹചര്യം വ്യക്തമാക്കണമെന്ന നിർദ്ദേശത്തോടുകൂടി ടി നടപടി സമിതി സാധൂകരിച്ച് എസ്.ആർ.ഒ. അംഗീകരിച്ചു.

III 2019-ലെ കേരള സഹകരണ സംഘ (ഭേദഗതി) ആക്ട് പ്രകാരമുള്ള കരട് ചട്ടങ്ങൾ രൂപീകരിക്കാത്തതുസംബന്ധിച്ച വിശദീകരണ കുറിപ്പ്.

(ഫയൽ നമ്പർ 1428/സബ്.സി.ജി1/19/നി.സെ.)

2019-ലെ കേരള സഹകരണ സംഘ (ഭേദഗതി) ആക്ടിലെ (2019-ലെ 1-ാം ആക്ട്) സെക്ഷൻ 14 (എ) മാത്രമാണ് നോട്ടിഫൈ ചെയ്തിരുന്നതെന്നും ഹൈക്കോടതിയുടെ പരിഗണനയിലുള്ള 21 കേസ്സുകളിൽ 18 എണ്ണം തള്ളിയതിന്റെ അടിസ്ഥാനത്തിൽ കേരള ബാങ്ക് രൂപീകരണത്തിനുവേണ്ടി അനുണ്ടായിരുന്ന സെക്ഷൻ 2, 8, 9, 10 എന്നീ പ്രൊവിഷൻസ് നോട്ടിഫൈ ചെയ്തിട്ടുണ്ടെന്നും കുറച്ച് ചർച്ച കൂടി ആവശ്യമുള്ളതിനാൽ ബാക്കിയുള്ളത് നോട്ടിഫൈ ചെയ്തിട്ടില്ലെന്നും ആയതും കൂടി നോട്ടിഫൈ ചെയ്തതിനുശേഷം ചട്ടം തയ്യാറാക്കാമെന്നാണ് ഇപ്പോൾ തീരുമാനമെടുത്തിരിക്കുന്നതെന്നും സഹകരണ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

ജില്ലാ സഹകരണ ബാങ്കും സംസ്ഥാന സഹകരണ ബാങ്കുമായുള്ള ലയനപ്രക്രിയ പൂർത്തിയായോ എന്ന് സമിതി ആരാഞ്ഞതിന് നിയമപരമായിട്ടുള്ള കാര്യങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും പ്രോഡക്ട് യൂണിഫിക്കേഷൻ, അക്കൗണ്ട് യൂണിഫിക്കേഷൻ പോലെയുള്ള നടപടിക്രമങ്ങൾ ഇനിയും ബാക്കിയുണ്ടെന്നും SBT-SBI ലയനത്തിനുണ്ടായതുപോലുള്ള കാലതാമസം ഇതിലുമുണ്ടാകുമെന്നും സഹകരണ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

കേരള ബാങ്ക് നിലവിൽ വരുമ്പോൾ ജീവനക്കാർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ശമ്പളത്തിൽ വ്യത്യാസമുണ്ടാകുമോ എന്ന് സമിതി അന്വേഷിച്ചതിന് ആയതുസംബന്ധിച്ച് പഠിക്കാൻ എക്സ്പെർട്ടുകളെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടെന്ന് സഹകരണ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

സമിതി യോഗം രാവിലെ 11.30-ന് പിരിഞ്ഞു.

## 17-2-2020-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2020 ഫെബ്രുവരി 17-ാം തീയതി തിങ്കളാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ '4-ബി' സമ്മേളനഹാളിൽ സമിതി ചെയർമാൻ, ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി ശ്രീ. പി. തിലോത്തമനും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായി.

1. ശ്രീ. അബ്ദുൽ ഹമീദ്. പി., എം.എൽ.എ.
2. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, എം.എൽ.എ.
3. ശ്രീ. പി.സി. ജോർജ്, എം.എൽ.എ.
4. ശ്രീ. വി. ജോയി, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീ. മാത്യുക്കുട്ടി ജി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. വി.ജി.റിജു, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ജാസ്മിൻ പി.എസ്, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീമതി മിനി ആന്റണി, സെക്രട്ടറി, സഹകരണ വകുപ്പ്
2. ഡോ. ആർ. ശശികുമാർ, ഡയറക്ടർ, കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ
3. ശ്രീമതി കെ. ശകുന്തള, അഡീഷണൽ രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്
4. ഡോ. പി.കെ. ജയശ്രീ, അഡീഷണൽ രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്
5. ശ്രീ. കെ. സജാദ്, അഡീഷണൽ രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്
6. ശ്രീമതി എം. സുനിജാബീഗം, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്
7. ശ്രീമതി പി. വിജയലക്ഷ്മി, അണ്ടർ സെക്രട്ടറി, ധനകാര്യ വകുപ്പ്
8. ശ്രീ. ബി. നൗഷാദ്, ജോയിന്റ് രജിസ്ട്രാർ/സെക്രട്ടറി, കേരള കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് ആന്റ് വെൽഫെയർ ഫണ്ട് ബോർഡ്
9. ഡോ. കെ. അമ്പിളി, മാനേജിംഗ് ഡയറക്ടർ, വനിതാഫെഡ്
10. ശ്രീ. വി.എം. മുഹമ്മദ് റഫീക്ക്, മാനേജിംഗ് ഡയറക്ടർ, കൺസ്യൂമർ ഫെഡ്
11. ശ്രീ. കെ.സി. സഹദേവൻ, ചീഫ് ജനറൽ മാനേജർ, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്

12. ശ്രീ. ജി. ഗോപകുമാർ, ഡെപ്യൂട്ടി ജനറൽ മാനേജർ, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്

13. ശ്രീമതി പി. നിഷ, മാനേജർ, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്

14. ശ്രീ. മാത്യൂസ് തോമസ്, അക്കൗണ്ട്സ് മാനേജർ, കൺസ്യൂമർ ഫെഡ്

15. ശ്രീമതി സി.ആർ. ഷീബ, സീനിയർ ഫിനാൻസ് ഓഫീസർ, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്

16. ശ്രീമതി സി.ആർ. ശ്രീലേഖ, ജോയിന്റ് രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്.

2020-2021 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ, സഹകരണ വകുപ്പുമായി ബന്ധപ്പെട്ട XXVII-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച് സമിതി പരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന ശിപാർശകളും നിർദ്ദേശങ്ങളും നൽകുകയും ചെയ്തു.

2425-00-001-90—<u>സഹകരണ പ്രചാരണം</u>

സഹകരണ വകുപ്പ് ഏറ്റെടുത്ത് നടത്തിവരുന്ന വിവിധങ്ങളായ കർമ്മപരിപാടികൾ ജനങ്ങളിലെത്തിക്കുന്നതുൾപ്പെടെയുള്ള സഹകരണ പ്രചാരണത്തിനും സഹകരണ വകുപ്പിന്റെ മാസികയായ സഹകരണവീഥിയുടെ പ്രസിദ്ധീകരണ സഹായത്തിനും നിക്ഷേപ സമാഹരണ യജ്ഞവുമായി ബന്ധപ്പെട്ട് സഹകരണ സ്ഥാപനങ്ങൾക്ക് നൽകുന്ന ട്രോഫികളുടെ ചെലവ് തുടങ്ങിയവയ്ക്കുമായി അനുവദിക്കപ്പെട്ട തുക അപര്യാപ്തമായതിനാൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2425-00-003-88—<u>സഹകരണ വകുപ്പിലെ പരിശീലനത്തിനുള്ള സഹായം</u>

സഹകരണ വകുപ്പിലെ ജീവനക്കാർക്ക് സഹകരണ മേഖലയിലെ ആധുനിക മാനേജ്മെന്റ് സാങ്കേതിക വിദ്യകൾ, ഇ-ഗവേണൻസ് തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നൽകുന്നതിനും, വകുപ്പിന് കീഴിൽ പുതിയതായി ആരംഭിച്ച പരിശീലന കേന്ദ്രത്തിന്റെ അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾക്കും ആവർത്തന ചെലവുകൾക്കും അധിക തുക ആവശ്യമുള്ളതിനാൽ 5 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2425-00-107-80—<u>പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കുള്ള സഹായം</u>

വായ്പാ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും വായ്പയെടുക്കുന്ന അംഗങ്ങൾ അവരുടെ വായ്പാ ബാധ്യതയിലേക്ക് തിരിച്ചടവുകൾ നടത്തുകയും എന്നാൽ വായ്പാ

കാലാവധിക്കുള്ളിൽ മരണപ്പെടുകയും മാരകരോഗങ്ങൾ പിടിപെടുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ വായ്പ എഴുതി തള്ളുന്നതിനായി സർക്കാർ രൂപീകരിച്ചിട്ടുള്ള കേരള റിസ്ക് ഫണ്ട് പദ്ധതിയുടെ നടത്തിപ്പിനായി ലഭിക്കുന്ന പ്രീമിയം തുകയെക്കാൾ വളരെ കൂടുതൽ തുക സഹായമായി അനുവദിക്കേണ്ടി വരുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഈ പദ്ധതിയുടെ ആവശ്യത്തിലേക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 3 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2425-00-108-49—<u>ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കും സഹായം</u>

4425-00-108-45—<u>ഉപഭോക്തൃസഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കും സഹായം</u>

6425-00-108-22—<u>ഉപഭോക്തൃസഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കും സഹായം</u>

കൺസ്യൂമർ ഫെഡറേഷനെ ശക്തിപ്പെടുത്തുന്നതിനായി ഉപഭോക്തൃസഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കും അനുവദിക്കപ്പെട്ടിട്ടുള്ള തുക അപര്യാപ്തമായതിനാൽ സബ്സിഡി, ഓഹരി, വായ്പ എന്നീ ശീർഷകങ്ങളിലായി 1 കോടി, 32 ലക്ഷം,14 ലക്ഷം എന്നിങ്ങനെ ആകെ 1.46 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2425-00-108-67—<u>മറ്റ് സഹകരണ സംഘങ്ങൾക്കുള്ള സഹായം</u>

4425-00-108-68—<u>മറ്റ് വിഭാഗത്തിൽപ്പെടുന്ന പലവക സഹകരണ സംഘങ്ങൾക്കുള്ള സഹായം.</u>

ആശുപത്രി സഹകരണ സംഘങ്ങളിലെ ബ്ലഡ്ബാങ്ക്/മെഡിക്കൽ ലബോറട്ടറീസ് തുടങ്ങിയവയ്ക്കായി ധനസഹായം അനുവദിക്കുന്നതിനും, ട്രാൻസ്ജെൻഡർ സഹകരണ സംഘം രൂപീകരിച്ച് വിജയകരമായ പദ്ധതികൾ ഏറ്റെടുക്കുന്നതിനും, കൊച്ചിയിൽ നടത്തുന്ന കൃതി ഇന്റർനാഷണൽ ബുക്ക് ഫെയറിനും, സാഹിത്യ മ്യൂസിയം സ്ഥാപിക്കുന്നതിനും, കേരള സംസ്ഥാന പ്രവാസിക്ഷേമ വികസന സഹകരണ സംഘം മുഖേന പ്രവാസി കേരളീയരുടെ ക്ഷേമത്തിനും ഉൾപ്പെടെ ഈ സ്കീമിലെ വിവിധങ്ങളായ പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ മേൽ പ്രസ്താവിച്ച ശീർഷകങ്ങളിൽ യഥാക്രമം 2 കോടി, 1.7 കോടി സബ്സിഡി, ഓഹരി എന്നീ ശീർഷകങ്ങളിലായി ആകെ 3.71 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2425-00-108-42—<u>പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനുള്ള സഹായം</u>

4425-00-108-34—<u>പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനുള്ള ഓഹരി മൂലധന വിഹിതം</u>

പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് വേണ്ടി നിലവിലുള്ള പദ്ധതികൾക്ക് ഉപരിയായി ടി സംഘങ്ങൾക്ക് സമഗ്രവികസനം ലക്ഷ്യം വച്ച് സഹകരണ വകുപ്പ് വിഭാവനം ചെയ്ത "പുനർജനി" എന്ന പുതിയ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി കൂടുതൽ തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 4.65 കോടി, 6.35 കോടി എന്നിങ്ങനെ സബ്സിഡി, ഓഹരി എന്നീ ശീർഷകങ്ങളിലായി ആകെ 11 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2425-00-108-41—<u>മാതൃകാ സഹകരണസംഘങ്ങൾക്കുള്ള സഹായം</u>

4425-00-108-37— <u>മാതൃകാ സഹകരണ സ്ഥാപനങ്ങൾക്കുള്ള മൂലധനനിക്ഷേപം</u>

6425-00-108-13—<u>മാതൃകാ സഹകരണസ്ഥാപനങ്ങൾക്കുള്ള വായ്പ</u>

സഹകരണ മേഖലയിലെ നൂതന കണ്ടുപിടിത്തങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും മാതൃകാ സഹകരണ സംഘങ്ങളുടെ പ്രോത്സാഹനത്തിനുമായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 15 ലക്ഷം, 40 ലക്ഷം, 30 ലക്ഷം എന്നിങ്ങനെ സബ്സിഡി, ഓഹരി, വായ്പ എന്നീ ശീർഷകങ്ങളിൽ ആകെ 85 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ, ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2425-00-001-91—<u>സഹകരണ വകുപ്പിന്റെ നവീകരണം</u>

സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം പ്രാവർത്തികമാക്കുന്നതിന് അധിക തുക ആവശ്യമുള്ളതിനാൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 1.6 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6425-00-108-10—<u>നബാർഡിന്റെ ആർ.ഐ.ഡി.എഫ്.-ന് കീഴിൽ സഹകരണ സംഘങ്ങൾക്കുള്ള വായ്പകൾ</u>

അടിസ്ഥാന സൗകര്യ വികസനത്തിനായി കൊല്ലം ജില്ലാ സഹകരണ ആശുപത്രിയ്ക്ക് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 11.37 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2425-00-108-47-35—<u>പ്രൊഫഷണൽ എഡ്യൂക്കേഷനുവേണ്ടിയുള്ള സഹകരണ അക്കാദമികളുള്ള ധനസഹായം- മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം</u>

പ്രൊഫഷണൽ വിദ്യാഭ്യാസ സഹകരണ അക്കാദമിയുടെ കീഴിലുള്ള സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 7.5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

CAPE-ന്റെ കീഴിൽ ന്യൂജെൻ കോഴ്സുകൾ ആരംഭിക്കുന്നതിനെക്കുറിച്ച് എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് ന്യൂജെൻ കോഴ്സുകൾക്ക് വേണ്ടി ഈ വർഷം മുതൽ സർട്ടിഫിക്കറ്റ് കോഴ്സുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും ആറന്മുളയിൽ പുതുതായി ഒരു ലോ കോളജ്, തലശ്ശേരി എഞ്ചിനീയറിംഗ് കോളജിൽ സിവിൽ സർവ്വീസസ് കോച്ചിംഗ് എന്നിവയും ആരംഭിച്ചിട്ടുണ്ടെന്നും CAPE- ന്റെ ഡയറക്ടർ സമിതിയെ അറിയിച്ചു.

2425-00-108-36—<u>കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തുന്നതിന് പ്രൈമറി മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ്സിനുള്ള ധനസഹായം</u>

സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ 'കോ-ഓപ് മാർക്ക്' എന്ന് വിളിക്കുന്ന ഏക ബ്രാൻഡിലും ഗുണനിലവാര മുദ്രയിൻ കീഴിലും കൊണ്ട് വരുന്നതിന് ഗുണനിലവാര പരിശോധനാലാബും അനുബന്ധ സൗകര്യങ്ങളും സ്ഥാപിക്കുന്നതിനും സഹകരണ സ്ഥാപനങ്ങളെ ഡിജിറ്റൽ സമ്പദ് വ്യവസ്ഥയിൽ പങ്കെടുക്കുന്നതിന് സഹായകമാകും വിധം "പ്ലാറ്റ്ഫോം കോ-ഓപ്പറേറ്റീവ്സ്" യാഥാർത്ഥ്യമാക്കുന്നതിലേയ്ക്കുമായി സബ്സിഡി ശീർഷകത്തിൽ 3.5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

2425-00-108-33—<u>സഹകരണ വകുപ്പിന്റെ കീഴിൽ വരുന്ന എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും ആധുനികവൽക്കരണം</u>

4425-00-108-28—<u>സഹകരണ വകുപ്പിന് കീഴിലുള്ള എല്ലാ സഹകരണ സംഘങ്ങളുടെയും നവീകരണം</u>

6425-00-108-07—<u>സഹകരണ വകുപ്പിന് കീഴിലുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും ആധുനികവൽക്കരണം</u>

പി.എ.സി.എസ്. ഒഴികെയുള്ള മറ്റ് പ്രാഥമിക സഹകരണ സംഘങ്ങളുടെ ആധുനികവത്ക്കരണത്തിന് അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 30 ലക്ഷം, 5 ലക്ഷം, 5 ലക്ഷം എന്നിങ്ങനെ ഈ സ്കീമിലെ സബ്സിഡി, ഓഹരി, വായ്പ എന്നീ ശീർഷകങ്ങളിലായി ആകെ 40 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

2425-00-108-31—<u>വനിത സഹകരണ സംഘങ്ങൾക്കും വനിത ഫെഡിനുമുള്ള ധനസഹായം</u>

4425-00-108-26—വനിത സഹകരണ സംഘങ്ങൾക്കും വനിത ഫെഡിനുമുള്ള ധനസഹായം

വനിതാ ഫെഡറേഷനെ ശക്തിപ്പെടുത്തുന്നതിനായി സബ്സിഡി, ഓഹരി എന്നീ ഇനത്തിലായി 1.7 കോടി വീതം ആകെ 3.4 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2425-00-001-85—കേരള പുനർനിർമ്മാണം നിർവ്വഹണത്തിനുള്ള സഹകരണ സംഘങ്ങളുടെ ഭരണച്ചെലവ്

സംസ്ഥാനത്തുണ്ടായ പ്രളയദുരന്തത്തിന്റെ ഫലമായി വീടും സ്വത്തുക്കളും ജീവനോപാധികളും നഷ്ടപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസത്തിന് സംസ്ഥാന സർക്കാരിനോടൊപ്പം ചേർന്ന് സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന കെയർഹോം, കെയർലോൺ, കെയർഗ്രേസ് എന്നീ മൂന്ന് ഉപപദ്ധതികൾ ഉൾപ്പെടുന്ന കെയർ കേരള പദ്ധതിയുടെ ഭരണപരമായ ചെലവുകൾക്കായി 60 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2425-00-800-93—മെമ്പർ റിലീഫ് ഫണ്ട്

സഹകരണ സംഘങ്ങളിലെ അംഗങ്ങളായവരിൽ മാരകരോഗബാധിതരായവർ, വാഹനാപകടത്തിൽപ്പെട്ട് അംഗവൈകല്യം സംഭവിച്ചവർ/ശയ്യാവലംബരായവർ, അപകടത്തിൽപ്പെട്ട് ശയ്യാവലംബരായ അംഗങ്ങളുടെ/മരണപ്പെട്ട അംഗങ്ങളുടെ ആശ്രിതർ, മാതാപിതാക്കൾ എടുത്ത വായ്പ്പ് ബാധ്യതപ്പെട്ട കുട്ടികൾ, പ്രകൃതി ദുരന്തത്തിൽ നാശനഷ്ടം സംഭവിച്ചവർ എന്നിവർക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി രൂപീകരിച്ചിട്ടുള്ള മെമ്പർ റിലീഫ് ഫണ്ടിൽ നിന്നും 35 കോടി രൂപ 2018-ൽ കേരളത്തിലെ പ്രളയബാധിതരായവർക്ക് കെയർ ഹോം പദ്ധതിയിലൂടെ വീട് നിർമ്മിച്ച് നൽകുന്നതിനുവേണ്ടി എടുത്തിരുന്നത് പ്രതിവർഷം 5 കോടി രൂപ വീതം തിരികെ നൽകുന്നതിന്റെ ആവശ്യത്തിനായി ഒരു കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

4425-00-108-42—പ്രാഥമിക കാർഷിക ക്രെഡിറ്റ് സംഘങ്ങൾ, പ്രാഥമിക സംഘങ്ങൾ, മൊത്തവില സ്റ്റോറുകൾ, ഫെഡറേഷനുകൾ തുടങ്ങിയവയ്ക്കുള്ള സഹായം (എൻ.സി.ഡി.സി. പദ്ധതി)

6425-00-108-19—പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, പ്രാഥമിക സംഘങ്ങൾ, മൊത്തവില സ്റ്റോറുകൾ, ഫെഡറേഷനുകൾ എന്നിവയ്ക്കുള്ള സഹായം (എൻ.സി.ഡി.സി. പദ്ധതി)

സംസ്കരണ പരിപാടികളിൽ ഏർപ്പെട്ടിരിക്കുന്ന സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിനും, ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ/യന്ത്രങ്ങൾ, വാഹനങ്ങൾ എന്നിവ വാങ്ങുന്നതിന് ധനസഹായം നൽകുന്നതിനും എൻ.സി.ഡി.സി.-യുടെ പുതിയ പദ്ധതിപ്രകാരമുള്ള ഗ്രാമീണ പാർപ്പിട പദ്ധതി, വൈദ്യുതീകരണം, ആരോഗ്യം, ആശുപത്രികൾ, ടൂറിസം, ഹോസ്പിറ്റാലിറ്റി എന്നിവയ്ക്ക് സഹായം നൽകുന്നതിനും കാർഷികമേഖലയിൽ പശ്ചാത്തല സൗകര്യം വികസിപ്പിക്കുന്നതിന് വായ്പ നൽകുന്നതിനും 2020-21-ൽ നടപ്പാക്കുന്ന പുതിയ എൻ.സി.ഡി.സി. പദ്ധതികൾക്ക് സഹായം നൽകുന്നതിനുമായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് കാണുന്നു. ആയതിനാൽ മേൽ പ്രസ്താവിച്ച ശീർഷകങ്ങളിൽ 5.24 കോടി രൂപ, 7.66 കോടി രൂപ എന്നിങ്ങനെ ഈ സ്കീമിലെ ഓഹരി, വായ്പ എന്നീ ശീർഷകങ്ങളിലായി ആകെ 12.9 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

4408-02-195-86—<u>പ്രൈമറി മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ്സിന്റെ ഫെഡറേഷനുകൾക്കും ധനസഹായം (എൻ.സി.ഡി.സി) (100% കേന്ദ്രാവിഷ്കൃത പദ്ധതി)</u>

6408-02-195-65—<u>പ്രൈമറി കോ-ഓപ്പറേറ്റീവ്സിനും ഫെഡറേഷനുകൾക്കും വേണ്ടി വായ്പ</u>

പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് സംഭരണശാലകൾ നിർമ്മിക്കുന്നതിനും പ്രാഥമിക വിപണന സംഘങ്ങളുടെ ഓഹരി മൂലധന അടിത്തറ ശക്തിപ്പെടുത്തുന്നതിനും, ദുർബല വിപണന സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനും എൻ.സി.ഡി.സി.-യുടെ പുതിയ പദ്ധതികളായ കോൾഡ് ചെയിൻ, യുവസഹകാർ എന്നിവ നടപ്പിലാക്കുന്നതിനും ധനസഹായം ആവശ്യമുള്ളതിനാൽ 59 ലക്ഷം, 3.32 കോടി എന്നിങ്ങനെ ഓഹരി, വായ്പ ഇനത്തിൽ ആകെ 3.91 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

4425-00-108-71—<u>പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ സംയോജിത വികസനം</u>

6425-00-108-74—<u>സംയോജിത സഹകരണ വികസന പദ്ധതി (എൻ.സി.ഡി.സി. സഹായം)</u>

പാലക്കാട്, തൃശ്ശൂർ, ഇടുക്കി ജില്ലകളിൽ നടപ്പിലാക്കി വരുന്ന സംയോജിത വികസന പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുള്ള തുക ടി ജില്ലകളിലെ സംഘങ്ങളുടെ വികസനത്തിനായി നിശ്ചയിക്കപ്പെട്ടിട്ടുള്ള തുകയേക്കാൾ വളരെ

കറവാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ പ്രസ്താവിച്ച ശീർഷകങ്ങളിൽ 16.36 കോടി രൂപ, 14.19 കോടി രൂപ എന്നിങ്ങനെ ഓഹരി, വായ്പ ഇനത്തിൽ ആകെ 30.55 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

മേൽ പറഞ്ഞ ജില്ലകളിൽ എന്നാണ് പ്രോജക്ട് ആരംഭിച്ചതെന്ന് സമിതി ആരാഞ്ഞതിന് 1986-ൽ ആരംഭിച്ച് 2003-ൽ പൂർത്തിയായ പ്രസ്തുത പ്രോജക്ടുകളുടെ നിർമ്മാണം പതിനാല് ജില്ലകളിലും പൂർത്തിയായിട്ടുണ്ടെന്ന് സഹകരണ വകുപ്പ് സെക്രട്ടറി മറുപടി നൽകി.

2425-00-107-72-33—<u>സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുക്കുന്ന വായ്പയുടെ കൃത്യമായ തിരിച്ചടവിന് നൽകുന്ന ഉത്തേജന പലിശ ഇളവ് പദ്ധതി-സബ്സിഡികൾ</u>

2011-12 സാമ്പത്തിക വർഷം മുതൽ കൃത്യമായി കാർഷിക വായ്പ തിരിച്ചടയ്ക്കുന്നവർക്ക് പലിശ സബ്സിഡി നൽകുന്നതിന് 26-5-2012-ലെ സ.ഉ. (സാധാ)315/2012/സഹ. പ്രകാരം 32 കോടി രൂപ വകയിരുത്തുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു. തുടർപദ്ധതിയായതിനാൽ ലഭിച്ചിട്ടുള്ള ക്ലെയിമുകൾ നൽകുന്നതിന് വേണ്ടി മാത്രം ഒരു കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2425-00-108-47-31—<u>പ്രൊഫഷണൽ എഡ്യൂക്കേഷനുവേണ്ടിയുള്ള സഹകരണ അക്കാദമിക്കുള്ള ധനസഹായം-സഹായധനം-ശമ്പളം</u>

പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ വന്നുകൊണ്ടിരിക്കുന്ന ക്രമാതീതമായ കുറവ് നിമിത്തം പ്രൊഫഷണൽ എഡ്യൂക്കേഷന് വേണ്ടിയുള്ള സഹകരണ അക്കാദമിയിലെ അദ്ധ്യാപകരുൾപ്പെടെയുള്ള ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് പ്രതിസന്ധി നേരിടുന്നതിനാൽ ശമ്പളയിനത്തിലെ ചെലവുകൾക്ക വേണ്ടി 23.12 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2425-00-108-80-33—<u>ഉത്സവച്ചന്തകൾ സംഘടിപ്പിക്കുന്നതിന് സഹകരണ സംഘങ്ങൾക്കുള്ള സഹായ ധനം-സബ്സിഡികൾ</u>

2020-21 സാമ്പത്തിക വർഷം പൊതുകമ്പോളത്തിൽ ഫലപ്രദമായി ഇടപെട്ടുകൊണ്ട് വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ഉത്സവകാലങ്ങളിൽ സബ്സിഡി നിരക്കിൽ നിത്യോപയോഗ സാധനങ്ങൾ പൊതുവിപണിയിൽ നൽകുന്നതിന് കൺസ്യൂമർഫെഡിന്റെ ഉത്സവകാല ചന്തകളുടെ എണ്ണം വർദ്ധിപ്പിച്ചുകൊണ്ട്

വിപുലമായ രീതിയിൽ നടത്തുന്നതിനുള്ള ചെലവുകൾക്കായി 25 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

തുടർന്ന് സമിതി ചെയർമാൻ ഇക്കാലയളവിൽ സഹകരണ മേഖലയിൽ നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങളെപ്പറ്റി വിവരിച്ചു. കേരള ബാങ്ക് രൂപീകരണം നടപ്പാക്കി. കെയർഹോം പദ്ധതിയിലൂടെ ഒന്നാം ഘട്ടത്തിൽ 1940 വീടുകൾ നിർമ്മിച്ച് താക്കോൽദാനം നടത്തിയത് 2000 വീടുകളായി ഉയർത്തി. പ്രളയബാധിതരായ ജനങ്ങൾക്ക് സഹായം നൽകുന്നതിനായി കെയർഹോം പദ്ധതിയിലൂടെ സർക്കാരിന്റെ റീസർജന്റ് കേരള ലോൺ സ്കീം പ്രകാരം 75590 ഗുണഭോക്താക്കൾക്ക് 581 കോടി രൂപ പലിശരഹിത വായ്പയായി വിതരണം ചെയ്തു. ബ്ലേഡ് മാഫിയ സംഘങ്ങളിൽ നിന്നും ജനങ്ങളെ രക്ഷിക്കുന്നതിനായി ആവിഷ്കരിച്ച മുറ്റത്തെ മുല്ല പദ്ധതിയിലൂടെ 10-11-2019 വരെ 291.34 കോടി രൂപ വിതരണം ചെയ്തു. സഹകരണ സ്ഥാപനങ്ങൾ മുഖേന സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുവാൻ കഴിഞ്ഞു. സർക്കാർ ഗ്യാരന്റിയോടെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും 1109.72 കോടി രൂപ സമാഹരിച്ച് കെ.എസ്.ആർ.ടി.സി.-യിലെ പെൻഷണേഴ്സിന് വിതരണം ചെയ്തു. അങ്ങനെ വകുപ്പിന്റെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ മുന്നോട്ട് പോകുന്നുവെന്നത് സന്തോഷകരമാണെന്ന് അഭിപ്രായപ്പെടുകയും യോഗത്തിൽ സഹകരിച്ച എല്ലാവർക്കും ബഹു. സമിതി ചെയർമാൻ നന്ദി അറിയിക്കുകയും ചെയ്തു.

ഉച്ചയ്ക്ക് 12.00-മണിയ്ക്ക് സമിതി യോഗം പിരിഞ്ഞു.

## 19-2-2020-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2020 ഫെബ്രുവരി 19-ാം തീയതി ബുധനാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ '4-എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി ശ്രീ. പി. തിലോത്തമനും, താഴെപ്പറയുന്ന അംഗങ്ങളും ഹാജരായി.

1. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ എം.എൽ.എ.
2. ശ്രീ. പി. സി. ജോർജ് ,,
3. ശ്രീ. വി. ജോയി ,,

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീ. മാത്യുക്കുട്ടി ജി., ജോയിന്റ് സെക്രട്ടറി

2. ശ്രീ. വി. ജി. റിജു, ഡെപ്യൂട്ടി സെക്രട്ടറി

3. ശ്രീമതി ജാസ്മിൻ. പി. എസ്., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. പി. വേണുഗോപാൽ, സെക്രട്ടറി, ഭക്ഷ്യപൊതുവിതരണ വകുപ്പ്
2. ശ്രീ. കെ. ടി. വർഗ്ഗീസ് പണിക്കർ, കൺട്രോളർ, ലീഗൽ മെട്രോളജി വകുപ്പ്
3. ശ്രീ. എൻ.ടി.എൽ. റെഡ്ഡി, ഡയറക്ടർ, ഭക്ഷ്യപൊതുവിതരണ വകുപ്പ്
4. ഡോ. ജോർജ്ജ് വി. തോമസ്, ഡയറക്ടർ, കൗൺസിൽ ഫോർ റിസർച്ച് ആന്റ് ഡെവലപ്മെന്റ്
5. ശ്രീ. എസ്. സാജു, ജോയിന്റ് സെക്രട്ടറി, ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പ്
6. ശ്രീ. റെജി ജോൺ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
7. ശ്രീമതി പി. ജയലക്ഷ്മി, അണ്ടർ സെക്രട്ടറി, ധനകാര്യ വകുപ്പ്
8. ശ്രീ. ടി. എസ്. ശശിധരൻ നായർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റ്.

സമിതി 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥന നമ്പർ XXVIII (പലവക സാമ്പത്തിക സർവ്വീസുകൾ), XXX(ഭക്ഷ്യം) എന്നിവയുടെ സൂക്ഷ്മപരിശോധനയുടെ ഭാഗമായി ഭക്ഷ്യപൊതുവിതരണം, ഉപഭോക്തൃകാര്യം എന്നീ വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചുവടെ പറയുന്ന നിർദ്ദേശങ്ങളും ശിപാർശകളും നൽകുകയും ചെയ്തു.

ലീഗൽ മെട്രോളജി വകുപ്പിൽ നിന്നും ലഭ്യമായ നോട്ടിലെ നാലാമത്തെ പേജിൽ മുൻ അഞ്ച് വർഷത്തെ ധനാഭ്യർത്ഥനകളുമായുള്ള താരതമ്യം എന്ന കോളത്തിൽ 2015-16 മുതൽ 2019-20 വരെ ഒരു വർഷം പോലും വകയിരുത്തിയ മുഴുവൻ തുകയും ചെലവാക്കിയതായി കാണുന്നില്ലെന്നും 2019-20 സാമ്പത്തികവർഷം 14,48,61,000 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത് എന്നും പിന്നെ എന്ത്കൊണ്ടാണ് ഈ വർഷം 21,78,37,000 രൂപ ആവശ്യപ്പെട്ടിരിക്കുന്നതെന്നും സമിതി ആരാഞ്ഞതിന് ലീഗൽ മെട്രോളജി ജീവനക്കാരുടെ സാലറി ഹെഡ്ഡാണ് ഇതെന്നും രണ്ട് മാസത്തെ ശമ്പളം കൂടി ചെലവിനത്തിൽ വരാനുണ്ടെന്നും

ഒഴിവുള്ള തസ്തികകളുടെ ശമ്പളവും സറണ്ടറും കൂടി കണക്കാക്കിയാണ് പ്രൊപ്പോസൽ നൽകുന്നതെന്നും ഭക്ഷ്യപൊതുവിതരണ വകുപ്പ് ഡയറക്ടർ മറുപടി നൽകി. തുടർന്ന് നോട്ടിലെ 5, 6, 7, 8 പേജുകളിലും ഇതേ രീതിയിൽ അനുവദിച്ച തുക ചെലവഴിച്ചിട്ടില്ലെന്നാണ് കാണാൻ കഴിയുന്നതെന്ന് സമിതി അഭിപ്രായപ്പെട്ടു. ലീഗൽ മെട്രോളജി വകുപ്പിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെടാത്തതുണ്ടെന്നും എന്തുകൊണ്ടാണ് ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെടാത്തതെന്നുമുള്ള വിശദമായ വിവരം സമിതിയ്ക്ക് നൽകണമെന്നും അഞ്ച് വർഷത്തെ കണക്കുകൾ പരിശോധിച്ചതിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും തമ്മിൽ വളരെ വ്യത്യാസം വരുന്നുണ്ടെന്നും ഇത്തരത്തിൽ കൂടുതൽ തുക വകയിരുത്തേണ്ടതുണ്ടോയെന്നും വകുപ്പിൽ നിന്നും ധനകാര്യ വകുപ്പിന് ലഭിക്കുന്ന പ്രൊപ്പോസൽ വസ്തുതാപരമാണോ എന്നും ധനകാര്യ വകുപ്പ് പരിശോധിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

**ധനാഭ്യർത്ഥന നമ്പർ XXVIII - പലവക സാമ്പത്തിക സർവ്വീസുകൾ**

3475-00-106-99-05.3—<u>അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം മെട്രിക് സമ്പ്രദായം നടപ്പാക്കൽ - ഓഫീസ് ചെലവുകൾ ടെലിഫോൺ ചെലവ്</u>

ഓഫീസ് ലാൻഡ് ഫോണുകളുടെ ബില്ലുകൾക്ക് പുറമെ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അനുവദിച്ചിട്ടുള്ള CUG SIM-ന് എല്ലാ വർഷവും തുക ഒടുക്കേണ്ടിവരുന്നതിനാൽ അധിക തുക ആവശ്യമാണ്. ആയതിനാൽ, മേൽ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

3475-00-106-99-06—<u>അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം മെട്രിക് സമ്പ്രദായം നടപ്പാക്കൽ - വാടക, കരം, നികുതി</u>

ഭവന നിർമ്മാണ ബോർഡിന്റെയും സ്വകാര്യ കെട്ടിടങ്ങളുടെയും വാടക കുടിശ്ശിക നൽകുന്നതിനും പുതുതായി രൂപീകരിച്ച 14 താലൂക്കുകളിലെ ഇൻസ്പെക്ടറോഫീസുകൾക്കുള്ള വാടക നൽകുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ, മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 15 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

3475-00-106-99-45—<u>അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം മെട്രിക് സമ്പ്രദായം നടപ്പാക്കൽ - പി.ഒ.എൽ.</u>

ഉപഭോക്തൃ സംരക്ഷണം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി രാത്രികാല മിന്നൽ പരിശോധനകൾ സംസ്ഥാനമൊട്ടാകെ വിപുലപ്പെടുത്തിയിട്ടുള്ളതിനാൽ നിർവ്വഹണ

ഉദ്യോഗസ്ഥരുടെ ഉപയോഗത്തിനായി 14 വാഹനങ്ങൾ അനുവദിച്ചിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, 10 ലക്ഷം രൂപ അധികമായി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

ലീഗൽ മെട്രോളജി നോട്ടിലെ പേജ് നമ്പർ 39-ൽ 54-75-00-800-84(16) എന്ന ശീർഷകത്തിൽ ക്രമനമ്പർ I-ൽ സ്റ്റാൻഡേർഡ് ലബോറട്ടറികളായ കൊല്ലം, കോട്ടയം, ഇടുക്കി, പാലക്കാട്, കാസറഗോഡ് ജില്ലകളിലെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 48 ലക്ഷം രൂപ വിനിയോഗിച്ചിരിക്കുന്നതെന്ന് പറഞ്ഞിട്ടുണ്ടെന്നും എന്നാൽ മറ്റ് ജില്ലകളിൽ ലാബുകളെല്ലാം നല്ല രീതിയിലാണോ പ്രവർത്തിക്കുന്നതെന്ന് സമിതി ആരാഞ്ഞതിന് കൊല്ലം, കോട്ടയം, ഇടുക്കി, പാലക്കാട്, കാസറഗോഡ് എന്നീ ജില്ലകളിൽ സ്വന്തം കെട്ടിടങ്ങളിലാണ് ലാബുകൾ പ്രവർത്തിക്കുന്നതെന്നും അത്തരം ലാബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാണ് പ്രസ്തുത തുക വിനിയോഗിക്കുന്നതെന്നും മറ്റുള്ള ജില്ലകളിലെല്ലാം വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നും അവിടെയൊക്കെ ആവശ്യത്തിന് ഇൻഫ്രാസ്ട്രക്ചർ സൗകര്യങ്ങൾ ലഭ്യമാണെന്നും ഭക്ഷ്യപൊതുവിതരണ വകുപ്പ് ഡയറക്ടർ മറുപടി നൽകി.

### ധനാഭ്യർത്ഥന നമ്പർ XXX - ഭക്ഷ്യം

2408-01-004-99—<u>കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റ്</u>

കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് എന്ന പദ്ധതി ശീർഷകത്തിലെ ഘടകമായ എസ്റ്റാബ്ലിഷ്മെന്റ് ഓഫ് കോൺഫറൻസ് ഹാൾ ലൈബ്രറി ആന്റ് റീഡിംഗ് റൂം ഫോർ കോളേജ് ഓഫ് ഇൻഡിജെനസ് ഫുഡ് ടെക്നോളജിയുടെ ഒന്നാം ഘട്ടം പൂർത്തീകരിക്കുന്നതിന് 1 കോടി രൂപയും എറണാകുളം ഇലഞ്ഞിയിലുള്ള എസ്റ്റാബ്ലിഷിംഗ് ഓഫ് ചിൽഡ് സ്റ്റോറേജ് ആന്റ് വെജിറ്റബിൾ ആന്റ് ഫ്രൂട്ട്സ് ഡീഹൈഡ്രേഷൻ യൂണിറ്റിന്റെ ഫയർ ഫൈറ്റിംഗ് സിസ്റ്റം ഇൻസ്റ്റാൾ ചെയ്യാൻ 50 ലക്ഷം രൂപയും എക്സ്ട്രാ വർക്ക് ഐറ്റം ചെയ്യുന്നതിന് 55 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 2.05 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2408-01-101-96-33—<u>കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനും മറ്റ് ഏജൻസികളും വഴി നെല്ല് സംഭരിക്കൽ - സബ്സിഡികൾ</u>

2020-21 സാമ്പത്തിക വർഷത്തിൽ 2020 ഏപ്രിൽ 1 മുതൽ 2021 ഫെബ്രുവരി 28 വരെ 5 ലക്ഷം മെട്രിക് ടൺ നെല്ലിന്റെയും 2020 മാർച്ചിൽ സംഭരിക്കുന്ന 1 ലക്ഷം മെട്രിക് ടൺ നെല്ലിന്റെയും ഉൾപ്പെടെ ആകെ 6 ലക്ഷം മെട്രിക് ടൺ നെല്ലിന്റെ തുകയുടെ ക്ലെയിം

ആയി 528 കോടി രൂപ സംസ്ഥാന സർക്കാരിന് സമർപ്പിക്കേണ്ടിവരുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ ഔട്ട്ടേൺ റേഷ്യോ 68% ൽ നിന്ന് 64.5% ആയി കുറച്ചതുകൊണ്ടുള്ള സാമ്പത്തിക ബാധ്യതയും സംസ്ഥാന സർക്കാർ വഹിക്കേണ്ടിവരുന്നു. ഈ ഇനത്തിൽ 65 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇതിനുപുറമെ 2019-20 സാമ്പത്തിക വർഷം സമർപ്പിച്ച ക്ലെയിമുകൾ ബഡ്ജറ്റ് അലോക്കേഷൻ പരിധി കടന്നതിനാൽ അവയും 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അലോക്കേഷൻ പരിധി കടന്നതിനാൽ അവയും 2019-20 സാമ്പത്തിക വർഷം സമർപ്പിച്ച ക്ലെയിമുകളിൽ ഇനിയും 200 കോടി രൂപയിലേറെ അനുവദിച്ച് കിട്ടാനുണ്ട്. ഇപ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട ആകെ 800 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ 275 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2408-01-101-94—റേഷൻ സബ്സിഡി

നിലവിൽ ദേശീയ ഭക്ഷ്യ സുരക്ഷാനിയമം അനുസരിച്ച് റേഷൻ കടകളിലേക്ക് ഭക്ഷ്യധാന്യങ്ങൾ വാതിൽപ്പടി വിതരണം വഴി എത്തിക്കുന്നതിന് ശരാശരി 20.08 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. കൂലി ഏകീകരണം വരെ പുതിയ ഇ-ടെണ്ടർ നടപടികൾ നിർത്തിവച്ചിട്ടുള്ളതിനാലും കടത്തുകരാറുകാരുടെ കാലാവധി ഭൂരിഭാഗം താലൂക്കുകളിലും അവസാനിച്ചതിനാലും താൽക്കാലിക ക്രമീകരണാടിസ്ഥാനത്തിലാണ് കടത്തുകരാർ ജോലികൾ നടന്നുവരുന്നത്. ആയതിനാൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി 11.18 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2408-01-102-99-33—കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിലേയ്ക്ക് മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾക്കുള്ള ഗ്രാന്റ്-സബ്സിഡികൾ

പൊതുവിപണിയിലുണ്ടാകുന്ന വിലക്കയറ്റം നിയന്ത്രിക്കാനായി സർക്കാർ രൂപീകരിച്ചിട്ടുള്ള വിപണിയിടപെടൽ ഇനത്തിൽ 348 കോടി രൂപയുടെ നഷ്ടം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ആയതിനാൽ, പ്രസ്തുത ശീർഷകത്തിൽ 198 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2408-01-190-92—സപ്ലൈകോയുടെ വില്പന കേന്ദ്രങ്ങൾ നവീകരിക്കൽ

സപ്ലൈകോയുടെ കീഴിലുള്ള ചില്ലറ വിൽപ്പനശാലകൾ നവീകരിക്കുന്നതിനായി 4.14 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2408-01-800-98—<u>ഉപഭോക്തൃ ദിനാഘോഷം</u>

ഉപഭോക്തൃ ദിനാഘോഷങ്ങളോടനുബന്ധിച്ച് സെമിനാറുകൾ, ചർച്ചകൾ, മുഖാമുഖം, ശില്പശാലകൾ എന്നിങ്ങനെയുള്ള ഉപഭോക്തൃ ബോധവത്ക്കരണ പരിപാടികളും, സ്കൂൾ വിദ്യാർത്ഥികൾക്കായി വിവിധ മത്സരപരിപാടികളും സംഘടിപ്പിക്കുന്നതിനും അധിക തുക ആവശ്യമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 2 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

3456-00-001-89-34-3—<u>ഫുഡ് അഡ്വൈസറി കമ്മിറ്റി - മറ്റ് ചെലവുകൾ-മറ്റിനം</u>

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013-ൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരമുള്ള സംസ്ഥാനതല വിജിലൻസ് സമിതിയോഗങ്ങളുടെ ചെലവുകൾക്കായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

3456-00-001-76—<u>സ്റ്റേറ്റ് കൺസ്യൂമർ അഫയേഴ്സ് ഡിവിഷന്റെ രൂപീകരണം</u>

ഉപഭോക്തൃ ഡിവിഷൻ രൂപീകരിക്കുന്നതിന്റെ ഭാഗമായി പുതിയ ഓഫീസ് ആരംഭിക്കുന്നതിനും അതിന്റെ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനും വാഹനങ്ങൾ വാങ്ങുന്നതിനും പ്രൈസ് റിസർച്ച് യൂണിറ്റ്, ടി യൂണിറ്റിലെ റിസർച്ച് ഫെലോസിന് വേതനം എന്നിവയ്ക്കുമായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്, ആയതിനാൽ 1.58 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

4408-02-101-99—<u>ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുന്നതിനുള്ള സഹായം (സംസ്ഥാന പദ്ധതി)</u>

സപ്ലൈകോയുടെ ഉടമസ്ഥതയിലുള്ള വലിയതുറ, കൊല്ലം, തിരുവല്ല എന്നിവിടങ്ങളിലും, എറണാകുളത്ത് ഇടപ്പള്ളിയിലും സംഭരണശാലകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 8.25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

സമിതി യോഗം ഉച്ചയ്ക്ക് 12.00-മണിയ്ക്ക് പിരിഞ്ഞു.

**25-2-2020-ലെ യോഗനടപടിക്കുറിപ്പ്**

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2020 ഫെബ്രുവരി 25-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ

സമുച്ചയത്തിലെ '5-എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിയുമായ ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി ശ്രീ. പി. തിലോത്തമനും, താഴെപ്പറയുന്ന അംഗങ്ങളും ഹാജരായി.

1. ശ്രീ. അനൂപ് ജേക്കബ് എം.എൽ.എ.
2. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ,,
3. ശ്രീ. ജോർജ് എം. തോമസ് ,,
4. ശ്രീ. മുരളി പെരുനെല്ലി ,,

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. മാത്യുക്കുട്ടി ജി., ജോയിന്റ് സെക്രട്ടറി
2. ശ്രീ. വി. ജി. റിജു, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ജാസ്മിൻ. പി. എസ്., അണ്ടർ സെക്രട്ടറി.

സമിതി 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

സമിതി യോഗം ഉച്ചയ്ക്കുശേഷം 2.40-ന് പിരിഞ്ഞു.

---

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.